# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## ആലപ്പുഴ-688001

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10 - 873/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 20/11/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10 - 873/2024 തീയ്യതി: 20/11/2024

# ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ | 03-09-2024 | 11-09-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-09-2024 | 11-09-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ബീന.എ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിനിമോൾ സാംസൺ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ഷാജി എസ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റോസ്മി ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2023 | 22-11-2023 |
| ജോസഫ് റെഫിൻ ജെഫ്രി.എം. | കൃഷി ഓഫീസർ | 22-11-2023 | 31-03-2024 |
| ശ്രീമതി. സ്മിത അഗസ്റ്റിൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. ധന്യ കെ . എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.നസീയ കെ. സലിം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച് സി) | 01-04-2023 | 19-07-2023 |

| | | | |
|---|---|---|---|
| ഡോ.സജില.എസ്.പിള്ളെ | മെഡിക്കൽ ഓഫീസർ (എഫ്..എച്ച് സി) | 20-07-2023 | 19-10-2023 |
| ഡോ. കിരൺ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച് സി) | 20-10-2023 | 22-01-2024 |
| ഡോ.റ്റിനി ജോർജ്ജ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച് സി) | 23-01-2024 | 31-03-2024 |
| ശ്രീമതി. ധന്യ കെ . എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.ലിന്റ സാമുവൽ പി | മെഡിക്കൽ ഓഫീസർ( ആയുർവേദം) | 01-04-2023 | 26-08-2023 |
| ഡോ.മനു മോഹൻ എസ്. | മെഡിക്കൽ ഓഫീസർ( ആയുർവേദം) | 26-08-2023 | 31-03-2024 |
| ശ്രീമതി. ബിനിമോൾ എം. എസ് | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി എസ് | 01-04-2023 | 30-11-2023 |
| ശ്രീമതി മിനിമോൾ റ്റി.വി | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി എസ് (ഇൻ-ചാർജ്) | 01-12-2023 | 19-02-2024 |
| ശ്രീ.ശ്രീനിവാസ ഷേണായി | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി എസ്. | 20-02-2024 | 31-03-2024 |
| ശ്രീമതി. ദീപ്തി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 06-07-2023 |
| ശ്രീമതി മേരി ലിഷ | അസിസ്റ്റന്റ് എൻജിനീയർ | 07-07-2023 | 31-03-2024 |
| ശ്രീ. അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തെക്കൽ) | 01-04-2023 | 31-03-2024 |
| ശ്രീ.ജോസഫ് റ്റി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അരീപ്പറമ്പ്) | 01-04-2023 | 31-03-2024 |
| ശ്രീ. പ്രശാന്ത് എൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അർത്തുങ്കൽ) | 01-04-2023 | 31-03-2024 |
| ശ്രീമതി.സുജാത എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 03-07-2023 |
| ശ്രീ.റോയിമോൻ വി. | അസിസ്റ്റന്റ് സെക്രട്ടറി | 04-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി സ്വാതി സുരേഷ് ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ലീന ഡെന്നീസ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീമതി ഷീജ കെ.സി. | അക്രഡിറ്റഡ് എൻജിനീയർ (MGNREGS) | 01-04-2023 | 31-03-2024 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാങ്ക് റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടുള്ളത് കൃത്യമല്ല | 1-1-1 |
| 3 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡിന്റെ എ.സി.ആറിൽ നെഗറ്റീവ് ബാലൻസാണ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-2 |
| 4 | പ്രത്യേകോദ്ദേശ്യഗ്രാന്റുകളിൽ അവശേഷിക്കുന്ന തുകകളുടെ വിവരം കൃത്യമല്ല | 1-1-3 |
| 5 | മുൻകൂറുകളിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം കൃത്യമല്ല | 1-1-4 |
| 6 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | തിരികെ നൽകാൻ ബാക്കി നിൽക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരം കൃത്യമല്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ഓഡിറ്റ് ഇംപാക്റ്റ്- പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ-ഉറവിടത്തിൽ കുറവ് ചെയ്യാത്ത ജി.എസ്.ടി ഓഡിറ്റ് എൻക്വയറി നൽകിയത് പ്രകാരം ഒടുക്കി | 1-10 |
| 17 | നായകൾക്ക് ലൈസൻസ് -ലൈസൻസ് ഫീസിൽ ഗണ്യമായ കുറവ് | 1-11 |
| 18 | ഡി. & ഒ. ലൈസൻസ് - നിരാക്ഷേപപത്രങ്ങൾ ഹാജരാക്കാതെയും ലൈസൻസ് എടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 19 | രസീത് ബുക്ക് - വിതരണത്തിലെയും ഉപയോഗത്തിലെയും തുക അടവാക്കിയതിലെയും അപാകതകൾ | 1-13 |

| | | |
|---|---|---|
| 20 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ - പോൾ വാടക ലഭിക്കുന്നില്ല | 1-14 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല | 1-15 |
| 22 | മൊബൈൽ ടവറുകളുടെ വിസ്തൃതി പൂർണ്ണമായും നികുതി നിർണ്ണയത്തിനായി പരിഗണിക്കുന്നില്ല | 1-16 |
| 23 | പാലിയേറ്റീവ് കെയർ പദ്ധതി (ആയുർവേദം)- സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു. | 1-17 |
| 24 | മരണം റിപ്പോർട്ട് ചെയ്തശേഷവും പെൻഷൻ നല്കിയിരിക്കുന്നു | 1-18 |
| 25 | അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണ വിതരണം -ചെലവഴിക്കാത്ത തുക സി.ഡി.എസ് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു | 1-19 |
| 26 | പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല | 1-20 |
| 27 | അഗതി-ആശ്രയ- വീട് അറ്റകുറ്റപ്പണികൾക്ക് വികസനഫണ്ടിൽ നിന്നും നൽകിയ തുക സിഡിഎസ് അക്കൌണ്ടിൽ ക്രമവിരുദ്ധമായി സൂക്ഷിക്കുന്നു | 1-21 |
| 28 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് വേതനം നൽകൽ - തുക അധികം നൽകി | 1-22 |
| 29 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - തുക അധികം നൽകി | 1-23 |
| 30 | ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-24 |
| 31 | എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് ഓഫീസ് വാഹന വാടക - കരാർ എടുത്തവരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 1-25 |
| 32 | വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ടുകൾ - ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-26 |
| 33 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 34 | പഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പുതുക്കൽ - ഫയൽ പരിശോധനക്ക് ഹാജരാക്കിയില്ല | 1-28 |
| 35 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-29 |
| 36 | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് -അധികച്ചെലവും ജി.എസ്.ടി. ഈടാക്കിയിട്ടുമില്ല | 1-30 |
| 37 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 38 | കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ- ചെലവുരേഖകൾ ഹാജരാക്കിയില്ല | 1-32 |

| | | |
|---|---|---|
| 39 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം -രേഖകൾ പൂർണ്ണമല്ല | 1-33 |
| 40 | എഫ്.എച്ച്.സി.യിലും സബ് സെൻററുകളിലും ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ - രേഖകൾ പൂർണ്ണമല്ല | 1-34 |
| 41 | എഫ്.എച്ച്.സി.ക്ക് ആവശ്യമായ അധിക സൌകര്യം ഒരുക്കൽ - രേഖകൾ പൂർണ്ണമല്ല | 1-35 |
| 42 | മരുന്ന് വാങ്ങിയതിന്റെ രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-36 |
| 43 | പാലിയേറ്റീവ് കെയർ - രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-37 |
| 44 | എഫ്.എച്ച്.സി. മരുന്ന് വാങ്ങൽ - രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-38 |
| 45 | അതി ദരിദ്രർക്ക് മൈക്രോ പ്ലാൻ -മരുന്ന് വിതരണം - അപാകതകൾ | 1-39 |
| 46 | എഫ്.എച്ച്.സി.ലാബിലേക്ക് റീ ഏജൻറ്സ് വാങ്ങൽ - അപാകത | 1-40 |
| 47 | ഐ.കെ.എം. വിഹിതം - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-41 |
| 48 | എസ്.എസ്.എ.പദ്ധതി വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-42 |
| 49 | കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-43 |
| 50 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-44 |
| 51 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്തിട്ടില്ല | 1-45 |
| 52 | ബി.ഡി.എസ് (ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം) മുഖേനയുള്ള ചെലവിലെ അപാകത | 1-46 |
| 53 | നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തത് | 1-47 |
| 54 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-48 |
| 55 | തോടിന്റെ സൈഡ് കെട്ടുന്നതിന് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ് | 1-49 |
| 56 | പുല്ലംകുളം മിനി ഓഡിറ്റോറിയത്തിന് എക്സ്റ്റൻഷൻ - കരാറുകാരന് അധിക തുക നൽകി | 1-50 |
| 57 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ | 1-51 |
| 58 | ഹരിതകർമ്മസേനയുടെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ വൻതുക സ്ഥിരനിക്ഷേപമാക്കുന്നത് വരുമാനവർദ്ധനവിന് സഹായകരമാകും | 1-52 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

| | | |
|---|---|---|
| 1 | പാലിയേറ്റീവ് കെയർ പദ്ധതി -ആയുർവേദം അരികെ - സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു | 3-1 |
| 2 | എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് ഓഫീസ് വാഹന വാടക – കരാർ എടുത്തവരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 3-2 |
| 3 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 3-3 |
| 4 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്  - തുക അധികം നൽകി | 3-4 |
| 5 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് വേതനം നൽകൽ - തുക അധികം നൽകി | 3-5 |
| 6 | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് -അധികച്ചെലവും ജി.എസ്.ടി. ഈടാക്കിയിട്ടുമില്ല | 3-6 |
| 7 | തോടിന്റെ സൈഡ് കെട്ടുന്നതിന് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ് | 3-7 |
| 8 | നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തത് | 3-8 |
| 9 | പുല്ലംകുളം മിനി ഓഡിറ്റോറിയത്തിന് എക്സ്റ്റൻഷൻ - കരാറുകാരന് അധിക തുക നൽകി | 3-9 |

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.06.2024-ലെ കമ്മറ്റി 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച

ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 ബാങ്ക് റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടുള്ളത് കൃത്യമല്ല

2023-24 സാമ്പത്തിക വർഷത്തെ ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടുള്ളത് കൃത്യമല്ല. എസ്.ബി.ഐ തനത്ഫണ്ട്, (അക്കൗണ്ട് നം – 67287818657), ഫെഡറൽ ബാങ്ക് ചേർത്തല സൗത്ത് (അക്കൗണ്ട് നം – 17510200002003) എന്നിവയുടെ റിക്കൺസിലിയേഷനിൽ കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുലള്ളത്. എസ്.ബി.ഐ സാനിട്ടഷൻ, (അക്കൗണ്ട് നം – 10457997179) 31/03/2024 ലെ യഥാർത്ഥ നീക്കിയിരുപ്പ് ₹ 6,72,274.65 ആയിരിക്കെ ബാങ്ക് ബുക്ക് ,റിക്കൺസിലിയേഷൻ പത്രിക എന്നിവയിൽ 663325 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഫെഡറൽ ബാങ്ക് (അക്കൗണ്ട് നം– 1751010034112) ന്റെ 31.03.2024 ലെ യഥാർത്ഥ നീക്കിയിരുപ്പ് ₹5,620/-ആയിരിക്കെ ബാങ്ക് ബുക്ക്, റിക്കൺസിലിയേഷൻ പത്രിക എന്നിവയിൽ ₹5,578/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-2 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡിന്റെ എ.സി.ആറിൽ നെഗറ്റീവ് ബാലൻസാണ് രേഖപ്പെടുത്തിയിരിക്കുന്നു

മെയിന്റനൻസ് ഗ്രാന്റ് നോൺറോഡിന്റെ എ.സി.ആറിൽ നെഗറ്റീവ് ബാലൻസാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്റ്റ് നം. 85/24 റീത്താലായം -പൂനാട്ട് റോഡിന്റെ ബിൽ നൽകുന്നതിനായി രണ്ട് തവണ റിക്വസിഷൻ തയ്യാറാക്കിയതിനാലാണ് നെഗറ്റീവ് തുക വന്നിട്ടുള്ളത്. എന്നാൽ തെറ്റായ റിക്വസിഷൻ സമയബന്ധിതമായി നീക്കം ചെയ്തിട്ടില്ല.

**1-1-3 പ്രത്യേകോദ്ദേശ്യഗ്രാന്റുകളിൽ അവശേഷിക്കുന്ന തുകകളുടെ വിവരം കൃത്യമല്ല**

ബാലൻസ് ഷീറ്റ് B 4 ഷെഡ്യൂളിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവർ നൽകിയിട്ടുള്ള ഗ്രാന്റുകളിൽ ഇനിയും ചെലവഴിക്കുവാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ആകെ തുക ₹4,08,16,181/-യാണ്. എന്നാൽ ഇതിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരിഭാഗം ശീർഷകങ്ങളിലെയും അവശേഷിക്കുന്ന തുകകൾ വെബ് സാംഖ്യ ആരംഭിച്ച സമയം മുതൽ നീക്കിയിരുപ്പായി തുടരുന്ന തുകകളാണ്. ഇവയുടെ ആധികാരികത ഉറപ്പാക്കുന്ന രേഖകളില്ല. ഈ ഗ്രാന്റുകളിലെ ആകെ നീക്കിയിരുപ്പും ബാങ്ക് അക്കൗണ്ടുകളിലെ ആകെ നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 മുൻകൂറുകളിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം കൃത്യമല്ല**

ബാലൻസ് ഷീറ്റ് B 18 ഷെഡ്യൂളിലെ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് വിവിധ വകുപ്പുകൾ/ ഏജൻസികൾ എന്നിവക്ക് നൽകിയിട്ടുള്ള ഡെപ്പോസിറ്റുകളുടേയും മുൻകൂറുകളുടേയും ആകെ തുക ₹1,12,20,007/-യാണ്. എന്നാൽ ഇതിൽ ഉൾപ്പെട്ടിട്ടുള്ള കെ.എസ്.ഇ.ബി., പൊതുമരാമത്ത് വകുപ്പ്, അഡ്വാൻസ് -ഗ്രാമലക്ഷ്മി മുദ്രാലയം തുടങ്ങിയവയെല്ലാം അവശേഷിക്കുന്ന തുകകൾ വെബ് സാംഖ്യ ആരംഭിച്ച സമയം മുതൽ നീക്കിയിരുപ്പായി തുടരുന്ന തുകകളാണ്. ഇവയുടെ ആധികാരികത ഉറപ്പാക്കുന്ന രേഖകളില്ല. ഇവയുടെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-5 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാ 2024 മാർച്ചിലെ ദിവസ/ കരാർ വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, അലവൻസുകൾ, ടെലഫോൺ, വാട്ടർ, വൈദ്യുതി, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-6 തിരികെ നൽകാൻ ബാക്കി നിൽക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരം കൃത്യമല്ല**

ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന് വിവിധ സ്ഥാപനങ്ങൾ, വിതരണക്കാർ, കരാറുകാർ, ഏജൻസികൾ എന്നിവർ നൽകിയിട്ടുള്ള ഡെപ്പോസിറ്റുകളിൽ ഇനിയും തിരികെ നൽകാനുള്ള ആകെ തുക ₹ 15,87,425/-യാണ്. എന്നാൽ ഇതിന്റെ ആധികാരിത ഉറപ്പാക്കുന്നതിനായി തിരികെ നൽകാനുള്ള ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ തയ്യാറാക്കി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ തിരികെ നൽകാനുള്ള ബാധ്യതകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള പുതുക്കിയ/പരിഷ്ക്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് 06.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വരവ് | ₹46,43,97,900.00 | ₹27,35,97,921.00 |
| ചെലവ് | ₹48,82,02,811.00 | ₹26,97,74,836.00 |

ബജറ്റും യഥാർത്ഥ കണക്കുകളുമായി വലിയ അന്തരം ഉണ്ടായിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്ന സമയത്ത് മുൻവർഷത്തെ യഥാർത്ഥ വരവുചെലവുകളും കൂടി പരിശോധിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | 6,05,67,409.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹12,95,03,331.00 |
| ആകെ | : | 19,00,70,740.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹11,10,62,778.00 |
| നീക്കിയിരുപ്പ് | : | ₹ 7,90,07,962.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹4,32,70,000 | ₹4,32,70,000 | ₹3,59,32,255 | - | ₹73,37,745 |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹48,23,000 | ₹48,23,000 | ₹38,37,032 | - | ₹9,85,968 |
| വികസന ഫണ്ട് (ടി.എസ്.പി) | - | ₹4,76,000 | ₹4,76,000 | ₹4,15,064 | - | ₹60,936 |
| മെയിന്റനൻസ് ഗ്രാന്റ്-(റോഡ്) | - | ₹1,10,94,000 | ₹1,10,94,000 | ₹1,06,16,620 | - | ₹477380 |
| മെയിന്റനൻസ് ഗ്രാന്റ്-(നോൺ-റോഡ്) | - | ₹54,17,400 | ₹54,17,400 | ₹48,27,210 | - | ₹590190 |
| സി.എഫ്.സി – ബേസിക്ക് അൺടൈഡ് ഗ്രാന്റ് | ₹37,72,278 | ₹7529672 (Incl.₹364672/- (Int)) | ₹1,13,01,950 | ₹62,31,246 | ₹50,70,704 | - |
| സി.എഫ്.സി – ടൈഡ് ഗ്രാന്റ് | ₹71,09,733 | ₹53,74,000 | ₹1,24,83,733 | ₹35,26,876 | ₹89,56,757 | - |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 265 | ₹29,23,57,986 | ₹13,15,26,631 | 142 | 34 | 82 | 53.00% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,770 | 11,97,354 | 12,02,124 | 11,96,035 | 6,089 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10,62,13,335 | 10,62,13,335 | 10,62,13,335 | 0 |
| **ആകെ** | **4,770** | **10,74,10,689** | **10,74,15,459** | **10,74,09,370** | **6,089** |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ₹0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹53,20,800.00 | 462 |
| വിധവാ പെൻഷൻ | ₹1,05,68,700.00 | 1035 |
| വാർദ്ധക്യകാല പെൻഷൻ | ₹2,38,74,400.00 | 2761 |
| വികലാംഗ പെൻഷൻ | ₹56,72,700.00 | 509 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹21,37,800.00 | 199 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | ₹1,80,000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.09.2024 തീയതിയിൽ 03:30 PM സമയത്ത് പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 1,124/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2 പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ സമയ ക്ലിപ്തത പാലിക്കപ്പെടുന്നില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിൽ നിയമപരമായ നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നില്ല.

4. മരാമത്ത് പ്രവൃത്തികളിൽ ഫലവത്തായ മോണിറ്ററിംഗ് നടത്തപ്പെടുന്നില്ല.

5. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന യഥാസമയം നടത്താത്തതിനാൽ ഉപയോഗ ശൂന്യമായവയ്ക്കും തുക ഒടുക്കേണ്ടി വരുന്നു. ഇത് പഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട്- പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ-ഉറവിടത്തിൽ കുറവ് ചെയ്യാത്ത ജി.എസ്.ടി ഓഡിറ്റ് എൻക്വയറി നൽകിയത് പ്രകാരം ഒടുക്കി

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന പദ്ധതി പ്രകാരം ₹4,34,700 ചെലവഴിച്ച് 10 ലാപ്ടോപ്പുകൾ

വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ ചെലവിൽ നിന്നും പാർട്ട് ബില്ലായി ₹3,26,799 അനുവദിച്ചിരുന്നു. ഇതിന്റെ ബാക്കി തുകയാണ് ഈ സാമ്പത്തിക വർഷം പ്രോജക്ട് പ്രകാരം നൽകിയിട്ടുള്ളത്. 2017 ലെ CGST Act, സെക്ഷൻ 51 പ്രകാരം, സപ്ലൈ ഓർഡർ നൽകിയ ₹2,50,000/- മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST(TDS)ഇനത്തിൽ ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. ഇതിനുപകരം 1% ആദായനികുതി മാത്രമാണ് ബില്ലിൽ നിന്നും ഈടാക്കിയത് ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-17 Dtd 09.09.2024) നൽകിയതു പ്രകാരം 12.09.2024-ന് രസീതി നമ്പർ 1240301897/G0404304 മുഖേനെ ₹7,368/- ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഈ തുക ജി.എസ്.ടി. വകുപ്പിൽ ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## <u>1-11 നായകൾക്ക് ലൈസൻസ് -ലൈസൻസ് ഫീസിൽ ഗണ്യമായ കുറവ്</u>

ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 വർഷം 360 പേർ ലൈസൻസ് എടുത്തിരുന്നെങ്കിലും 2023-24 വർഷം ആകെ 93 പേർ മാത്രമാണ് ഡോഗ് ലൈസൻസ് എടുത്തിട്ടുള്ളത്. തന്മൂലം വൻതുക ലൈസൻസ് ഇനത്തിൽ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/7.9.24) ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷം വാക്സിനേഷൻ ക്യാമ്പ് നടത്തിയതുമൂലമാണ് പൊതുജനങ്ങൾ വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുവാൻ താല്പര്യം കാണിച്ചതെന്നും തൻവർഷം വാക്സിനേഷൻ ക്യാമ്പുകൾ നടത്തിയെങ്കിലും എല്ലാവരും ലൈസൻസ് എടുത്തില്ല എന്നും വാക്സിനേഷൻ എടുക്കുന്ന നായ്ക്കൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ വെറ്റിനറി ഡോക്ടർക്ക് നല്കിയും പ്രചരണ പരിപാടികൾ സംഘടിപ്പിച്ചും നായ്ക്കളെ വളർത്തുന്ന എല്ലാവരും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തുന്നതാണെന്ന് അറിയിച്ചു.

ജില്ലയിൽ പലയിടത്തും പേവിഷബാധ റിപ്പോർട്ട് ചെയ്തുവരുന്ന സാഹചര്യത്തിൽ നായ്ക്കളെ വാക്സിനേഷനും ലൈസൻസും നിർബന്ധമാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-12 ഡി. & ഒ. ലൈസൻസ് - നിരാക്ഷേപപത്രങ്ങൾ ഹാജരാക്കാതെയും ലൈസൻസ് എടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

എ) ഗ്രാമപഞ്ചായത്തുമായി ദിവസേന ഇടപാടുകൾ നടത്തുന്ന അക്ഷയ സെന്ററുകൾ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് എടുക്കുന്നില്ല.

ബി) താഴെപ്പറയുന്ന ഡി. & ഒ. ലൈസൻസ് അപേക്ഷകർ ആവശ്യമായ നിരാക്ഷേപപത്രങ്ങൾ ഹാജരാക്കിയിട്ടുള്ളതായി കാണുന്നില്ല.

| രജി. ക്രമ നം. | സ്ഥാപനം | ആവശ്യമായ നിരാക്ഷേപപത്രം |
|---|---|---|
| 98 | Karkiyo വെളിച്ചെണ്ണ നിർമ്മാണം | Fssai രജിസ്ട്രേഷൻ |
| 133 | Sree Shanmugha Polymers-HDPE,LDPE,PP ബാഗ് നിർമ്മാണം, പ്രിന്റിംഗ് | Fire & Safty, Pollution Control Board |
| 326 | LPG ഗോഡൌൺ | Fire & Safty |

സി) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ/ഡീസൽ/മണ്ണെണ്ണ പമ്പുകൾ ലൈസൻസ് എടുക്കുന്നില്ല.

ഡി) സ്ക്രാപ്പ് കച്ചവടക്കാർ, പുകപരിശോധന കേന്ദ്രം, ഡ്രൈവിംഗ് സ്കൂൾ, സ്റ്റുഡിയോ, റേഷൻകടകൾ, ഒപ്റ്റിക്കൽസ് തുടങ്ങി പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുവാനും സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും മറ്റ് അപാകതകൾക്ക് വിശദീകരണം തേടിയും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (24/10.9.24) മറുപടി ലഭ്യമാക്കിയില്ല. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്നും ആവശ്യമായ നിരാക്ഷേപപത്രങ്ങൾ ഹാജരാക്കുന്നുണ്ടെന്നും ഗ്രാമപഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 രസീത് ബുക്ക് - വിതരണത്തിലെയും ഉപയോഗത്തിലെയും തുക അടവാക്കിയതിലെയും അപാകതകൾ

കൃഷി ഓഫീസർ കൈപ്പറ്റിയിട്ടുള്ള രസീത് ബുക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2023-24 വർഷം ബുക്ക് നം,.23133, 23134, 23156 എന്നിവയും 36448 മുതൽ 36472 വരെയുമായി ആകെ 28 രസീത് ബുക്കുകൾ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി കൃഷി ഓഫീസർ കൈപ്പറ്റിയിരുന്നു. എന്നാൽ ആദ്യം കൈപ്പറ്റിയിട്ടുള്ള 23133 നമ്പർ രസീത് ബുക്ക് ഉപയോഗിച്ചിട്ടില്ല. 23156 നമ്പർ ബുക്കിലെ 1 മുതൽ 9 വരെയുള്ള രസീതുകൾ മാത്രമെ ഉപയോഗിച്ചിട്ടുള്ളൂ. 36456 നമ്പർ രസീത് ബുക്കിനുശേഷം തുടർന്നുള്ള ബുക്കുകൾ (36457 മുതൽ 36468 വരെ 12 എണ്ണം) ഉപയോഗിക്കാതെ 36470 എന്ന രസീത് ബുക്ക് പൂർണ്ണമായി ഉപയോഗിക്കുകയും അതിനുശേഷം 36469 എന്ന രസീത് ബുക്കിലെ 1 മുതൽ 11 വരെയുള്ള രസീതുകൾ എഴുതുകയുമാണ് ചെയ്തിട്ടുള്ളത്. ആകെ 13 എണ്ണം മാത്രമാണ് എഴുതിയിട്ടുള്ളത്.

2) രസീത് ബുക്കുകൾ പ്രകാരം പിരിച്ചെടുത്ത തുക താഴെപ്പറയുന്ന പ്രകാരമാണ്.

| | രസീത് ബുക്ക് നം. | ഉപയോഗിച്ച രസീത് നമ്പർ | ആകെ തുക |
|---|---|---|---|
| 1 | 23134 | 1-9 | 7,500 |
| | | 10-100(91x25) | 2,275 |
| 2 | 23156 | 1-9(9x23) | 207 |
| 3 | 36448 | 1-100(100x23) | 2,300 |
| 4 | 36449 | 1-100(100x23) | 2,300 |
| 5 | 36450 | 1-100(100x23) | 2,300 |
| 6 | 36451 | 1-100(100x23) | 2,300 |
| 7 | 36452 | 1-100(100x23) | 2,300 |
| 8 | 36453 | 1-100(100x23) | 2,300 |
| 9 | 36454 | 1-100(100x23) | 2,300 |
| 10 | 36455 | 1-100(100x23) | 2,300 |
| 11 | 36456 | 1-100(100x23) | 2,300 |
| 12 | 36469 | 1-11(11x25) | 275 |
| 13 | 36470 | 1-100(100x25) | 2,500 |
| | ആകെ | | 33,657/- |

എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം ഇതുകൂടാതെ വളരെയേറെ തുക പിരിച്ചിട്ടുള്ളതായി കാണുന്നു.

3) രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുള്ള ILGMS രസീതുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയ തുകയുടെ വിവരം

| | രസീത് നം. | തുക |
|---|---|---|
| 1 | 1230301797/23.3.24 | 7,500 |
| 2 | 1230301872/25.3.24 | 2,500 |
| 3 | 1230301931/27.3.24 | 2,369 |
| 4 | 1230100363/31.3.24 | 6,624 |
| 5 | 1230302074/30.3.24 | 11,500 |
| 6 | 1230100474/31.3.24 | 17 |
| 7 | 1230302073/30.3.24 | 11,951 |
| 8 | 1230100364/31.3.24 | 5,049 |

| | | |
|---|---|---|
| | ആകെ | 47,510/- |

4) രജിസ്റ്ററിൽ രസീത് ബുക്ക് നം., രസീത് നം. എന്നിവ രേഖപ്പെടുത്താത്തതിനാലും തുക കൂട്ടി എഴുതാത്തതിനാലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതുപ്രകാരം രസീതുകൾ എഴുതിയിട്ടില്ലാത്തതിനാലും ഗുണഭോക്തൃവിഹിതമിനത്തിൽ എത്ര തുക പിരിച്ചിട്ടുണ്ടെന്നത് കൃത്യമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. രസീതുകൾ എഴുതാതെ തുക പിരിച്ചിട്ടുള്ളതായും കൃഷി ഓഫീസർ കൈപ്പറ്റിയ രസീതുബുക്കുകൾ അലക്ഷ്യമായും നിരുത്തരവാദപരമായും കൈകാര്യം ചെയ്തതായുമാണ് വ്യക്തമാകുന്നത്.

ആവശ്യകത നിർണ്ണയിക്കാതെ ഗ്രാമപഞ്ചായത്തിൽ നിന്നും ഒരുമിച്ച് ഇത്രയും രസീതുബുക്കുകൾ നല്കിയതിനും മേൽ സൂചിപ്പിച്ച അപാകതകൾക്കും വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (28/11.9.24) മറുപടി ലഭ്യമാക്കിയില്ല.
പിരിച്ചിട്ടുള്ള തുകയുടെ കൃത്യമായ കണക്കുകളും തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകളും മേൽ അപാകതകൾക്ക് വിശദീകരണവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
2023-24 വർഷം കൈപ്പറ്റിയിട്ടുള്ള രസീതുബുക്കുകളിൽ ഉപയോഗിക്കാത്തവ ഗ്രാമപഞ്ചായത്തിൽ തിരികെ ഏല്പിച്ച് തൻവർഷത്തെ ഉപയോഗത്തിനായി റീഇഷ്യൂ ചെയ്യേണ്ടതുമാണ്.
പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്ത രസീത് ബുക്ക് ഉപയോഗിക്കാതെ പൊതുജനങ്ങളിൽ നിന്നും തുക പിരിച്ചെടുക്കുന്നതും ആയതിന് കൃത്യമായ കണക്ക് സൂക്ഷിക്കാത്തതും പിരിച്ചെടുത്ത തുക പൂർണ്ണമായി ഒടുക്കുവരുത്താതിരിക്കുന്നതും ഗുരുതരമായ കൃത്യവിലോപമാണ്. വിഷയത്തിൽ ആവശ്യമായ തുടരന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു. വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ഒപ്റ്റിക്കൽ ഫൈബർ കേബിൾ - പോൾ വാടക ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം 33 (23+10) ടെലികമ്മ്യൂണിക്കേഷൻ പോളുകൾ സ്ഥാപിക്കുന്നതിനായി അനുമതി നല്കി എഗ്രിമെന്റ് വച്ചിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്ററിൽ പോളുകൾ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (ആർ.ടി.) 89/2020/പി.ഡബ്ല്യൂഡി/ തീ.23.01.2020 പ്രകാരം പോൾ ഒന്നിന് വാർഷിക വാടക 360/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് പോളുകളുടെ വാടക നിശ്ചയിച്ചിട്ടുള്ളതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ പോളുകൾ സ്ഥാപിച്ചിട്ടുള്ള സർവ്വീസ് പ്രൊവൈഡറുടെ പേര്, നിലവിലുള്ള പോളുകളുടെ എണ്ണം, ലഭ്യമായ വാടക, കുടിശ്ശിക എന്നിവയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/11.9.24) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിൽ ഫീൽഡ്തല ഉദ്യോഗസ്ഥർ മുഖേന വിവരശേഖരണം നടത്തേണ്ടതും സ്ഥാപിച്ചിട്ടുള്ള എല്ലാ പോളുകളുടെയും

വിശദാംശങ്ങൾ രേഖപ്പെടുത്തി വാടകരജിസ്റ്റർ തയ്യാറാക്കി വാടക കുടിശ്ശികസഹിതം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-15 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.**

1. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി പത്രികകൾ എന്നിവ പ്രകാരവും താഴെപ്പറയുന്ന ജീവനക്കാരുടെ/സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| | സ്ഥാപനം | ജീവനക്കാരുടെ വിവരം |
|---|---|---|
| 1 | (FHC) | പാലിയേറ്റീവ് നഴ്സ് |
| 2 | ഡയറി എക്സ്റ്റൻഷൻ ഓഫീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3 | സെന്റ് മൈക്കിൾസ് കോളേജ് | ലൈബ്രേറിയൻ, ലൈബ്രറി അസിസ്റ്റന്റ്, കായികാദ്ധ്യാപകർ |
| 4 | സെന്റ് മൈക്കിൾസ് എയ്ഡഡ് കോളേജിനൊപ്പം പ്രവർത്തിക്കുന്ന ഓട്ടോണമസ് കോളേജ് | ജീവനക്കാർ |
| 5 | പ്രീ മെട്രിക് ഹോസ്റ്റൽ | ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ |
| 6 | അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ക്ലർക്ക്, മറ്റ് ജീവനക്കാർ |
| 7 | റേഷൻകടകൾ | |
| 8 | ആയുർവേദ ഡിസ്പെൻസറി | പാലിയേറ്റീവ് നഴ്സ്, മെഡിക്കൽ ഓഫീസർ(ദിവ്യ ജെ.), പഞ്ചകർമ്മ തെറാപ്പിസ്റ്റ് (ഡോ.ഹരിപ്രസാദ്), |

| | | |
|---|---|---|
| | | വാഹനകരാറുകാരൻ (പി.ഫൽഗുണൻ) |
| 9 | സപ്ലൈകോ, അരീപ്പറമ്പ് | ജീവനക്കാർ |

2. ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി കരാർ വച്ച് 60 ദിവസത്തിൽ കൂടുതൽ പ്രവർത്തി നടത്തിയ/നടത്തുന്ന താഴെപ്പറയുന്ന കോൺട്രാക്ടർമാർ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

I) നീൽ സാമുവേൽ
II) ബൈജു കെ.
III) സതീഷ് കുമാർ എം.
IV) ബി.പ്രസാദ്
V) ഭുവനേന്ദ്രൻ
VI) സുന്ദരേശൻ
VII) എ.എം.ആന്റണി
VIII) ഫിലിപ്പോസ് ജോസഫ്
IX) ജോബ് കെ.ജെ.

3. ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ സേവനം ചെയ്യുന്ന പ്രൊഫഷണലുകൾ
4. സ്ഥാപന തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

എ). സപ്ലൈകോ, അരീപ്പറമ്പ്
ബി). എസ്.ബി.ഐ. – (ആദ്യ അർദ്ധവർഷം)

5. ഗ്രാമപഞ്ചായത്തിൽ മായിത്തറ, കയർപാർക്ക്-I, II എന്നിങ്ങനെ മൂന്ന് ഇൻഡസ്ട്രിയൽ എരിയകളുണ്ട്. ഇവയെ ലൈസൻസ് ഫീ, വസ്തുനികുതി എന്നിവ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഈ ഇൻഡസ്ട്രിയൽ ഏരിയകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

മേൽ ജീവനക്കാർ/വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/6.9.24) മറുപടി ലഭ്യമാക്കിയില്ല.
മേൽ സൂചിപ്പിച്ച ജീവനക്കാരുടെ/സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽനികുതി, കരാറുകാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വിസ്തൃതി പൂർണ്ണമായും നികുതി നിർണ്ണയത്തിനായി പരിഗണിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം രണ്ട് സ്ഥാപനങ്ങൾ മൊബൈൽ ടവർ സ്ഥാപിക്കുന്നതിനായി പെർമിറ്റ് ഫീ അടവാക്കി അനുമതി നേടിയിട്ടുണ്ട്. ആയതിൽ ഒരു സ്ഥാപനം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി പഞ്ചായത്തിൽ രേഖകൾ നല്കിയിട്ടുണ്ട്. ആയതിന്റെ വസ്തുനികുതി നിർണ്ണയിച്ച വിവരവും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർ മുഖാന്തിരം പരിശോധന നടത്തി അനധികൃത മൊബൈൽ ടവറുകളുടെ വിവരങ്ങളും നിശ്ചിത മാതൃകയിൽ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/6.9.24) മറുപടി ലഭ്യമാക്കിയില്ല.

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരമുള്ള ടവറുകളുടെ അളവുകൾക്കു മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. അനുബന്ധ നിർമ്മിതികളെപ്പറ്റി പരാമർശിക്കുന്നില്ല.

| ക്രമ നം, | കെട്ടിട നം. | സർവ്വീസ് പ്രൊവൈഡർ | വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള വിസ്തൃതി($M^2$) | കുടിശ്ശിക കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 16/333A | Indus | 27.63 | | |
| 2 | 11/608 | Vodafone | 28.14 | | |
| 3 | 3/139C | Reliance | 5.85 | 3379/Per Year (26.2.2020 ൽ അസസ് ചെയ്തത്) | File Status- For Approval |
| 4 | 21/486 | BSNL | 23 | 14646/Year (2022 II Half മുതൽ കുടിശ്ശിക) | File Status- -For Approval എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 5 | 3/139D | Indus | 8 | | |
| 6 | 6/10 | Reliance | 12 | | |
| 7 | 6/542A | Indus | 8 | | |

| | | | | | |
|---|---|---|---|---|---|
| 8 | 13/418A | Reliance | 11.52 | 2018 ൽ വൻതുക അഡ്വാൻസായി അടവാക്കിയിട്ടുണ്ടെങ്കിലും തുടർ വർഷങ്ങളിൽ ക്രമീകരിച്ചിട്ടില്ല. | |
| 9 | 20/497 | Tata Tele | 16 | | |
| 10 | 21/427A | Reliance | 11.52 | | |
| 11 | 12/386A | WTTIL | 13 | | |

മേൽ പട്ടികയിൽ ക്രമ നം. 1,2,4 എന്നിവയുടെ ടവറുകൾക്ക് മാത്രമാണ് മുഴുവൻ വിസ്തൃതിയും വസ്തുനികുതി നിർണ്ണയത്തിനായി പരിഗണിച്ചിട്ടുള്ളത്. ആയത് സർക്കുലർ നം.ആർ.ഡി.3/94/2020, തസ്വഭവ.,തീ.26.02.2022, സർക്കുലർ നം.ആർ.ഡി.2/100/2020, തസ്വഭവ.,തീ.03.05.2020 എന്നിവയ്ക്ക് അനുസൃതമല്ല.

എല്ലാ ടവറുകളുടെയും യഥാർത്ഥത്തിൽ നിലവിലുള്ള വിസ്തൃതി ഫീൽഡ്തല ഉദ്യോഗസ്ഥർ മുഖേന നിർണ്ണയിച്ച് ഓഡിറ്റിൽ 10.09.24 നകം ലഭ്യമാക്കുന്നതിനും മറ്റ് അപാകതകൾക്ക് വിശദീകരണം ഹാജരാക്കുവാനും നിർദ്ദേശിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/7.9.24) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി വിസ്തൃതിക്കനുസൃതമായി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-17 പാലിയേറ്റീവ് കെയർ പദ്ധതി (ആയൂർവേദം)- സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0184/24 & എസ്.0240/24 S.O |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പദ്ധതി – ആയുർവേദം അരികെ |
| അടങ്കൽ | ₹10,00,00.00-വികസന ഫണ്ട് -ജനറൽ (എസ്.0184/24)<br>₹1,51,072.00-വികസന ഫണ്ട് -ജനറൽ (എസ്.0240/24 S.O) |
| | |

| | |
|---|---|
| ചെലവ് വിവരം | ₹7,54,145.00 -വികസന ഫണ്ട് -ജനറൽ (എസ്.0184/24)<br>₹1,51,072.00 -വികസന ഫണ്ട് -ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫിസർ (ആയുർവേദം) ഗ്രാമപഞ്ചായത്ത് |

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ കിടപ്പുരോഗികൾക്ക് സാന്ത്വനപരിചരണം (ആയുർവേദ ചികിത്സ) നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടുകൾ വഴി 2023-24 സാമ്പത്തിക വർഷം ₹9,05,217 ചെലവഴിച്ചിട്ടുണ്ട്. സാന്ത്വന പരിചരണത്തിനായി കരാറടിസ്ഥാനത്തിൽ നിയമിച്ച മെഡിക്കൽ ഓഫീസർ, പഞ്ചകർമ്മ തെറാപ്പിസ്റ്റ് എന്നിവരുടെ വേതനം, വാഹനച്ചെലവ് എന്നീയിനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് മാർഗരേഖ (സർക്കാർ ഉത്തരവ് നമ്പര് 115/2022 DTD 28.05.2022) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയുർവേദ പാലിയേറ്റീവ് കെയർ പദ്ധതി പ്രസ്തുത മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ പ്രോജക്ട് നടത്തുന്നതിന് പ്രത്യേകാനുമതിയ്ക്കായി ഗ്രാമപഞ്ചായത്ത് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് അപേക്ഷ നല്കിയിരുന്നു. പാലിയേറ്റീവ് പ്രവർത്തനത്തിന് ആയുർവേദരീതി മാത്രം അനുവർത്തിക്കാവുന്നതല്ലായെന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനവുമായി ചേർന്ന് ഈ സേവനം നല്കാൻ നിർദേശിച്ചുകൊണ്ടും കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 08.03.2023-ലെ 4-93 നമ്പർ തീരുമാനപ്രകാരം പ്രത്യേകാനുമതിയ്ക്കുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്. സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവദിനീയമല്ല, ചെലവുകൾക്കുള്ള പ്രത്യേകാനുമതി കോ-ഓർഡിനേഷൻ കമ്മറ്റി നിരസിച്ചു എന്നീ കാര്യങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിലും 2023-24 സാമ്പത്തിക വർഷം എസ്.0184/24 & എസ്.0240/24 S.O എന്നീ രണ്ട് പ്രോജക്ടുകളിലായി യഥാക്രമം ₹7,54,145/-യും ₹1,51,072 യും ഉൾപ്പടെ ആകെ ₹9,05,217/-കരാർ ജീവനക്കാരുടെ വേതനം, വാഹന വാടക എന്നീയിനങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. കോർഡിനേഷൻ കമ്മിറ്റി മിനിട്ട്സിൽ പ്രോജക്ടിലെ മൂന്നു മാസത്തെ ചെലവിനുള്ള തുക സ്പോൺസർഷിപ്പുവഴി കണ്ടെത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രോജ്ക്ട് പ്രകാരമുള്ള ചെലവുകൾക്ക് പ്രത്യേകാനുമതി നല്കണമെന്നുള്ള

അപേക്ഷ 08.03.2023ൽ കോ-ഓർഡിനേഷൻ കമ്മിറ്റി നിരസിച്ചിട്ടുള്ളതിനാലും പ്രോജക്ട് പ്രകാരമുള്ള ചെലവിന് നാളിതുവരെ സർക്കാർ സാധൂകരണം ലഭ്യമായിട്ടില്ലാത്തതിനാലും സർക്കാർ അനുമതിയില്ലാതെ വീണ്ടും ഇതേ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-3 തിയതി 06.09.2024) നൽകിയ മറുപടിയിൽ പ്രോജക്ടിന് സർക്കാർ സാധൂകരണം, പ്രത്യേകാനുമതി എന്നിവ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ചെലവഴിച്ച ₹9,05,217/- യുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 മരണം റിപ്പോർട്ട് ചെയ്തശേഷവും പെൻഷൻ നല്കിയിരിക്കുന്നു

ഡെത്ത് രജിസ്റ്റർ ക്രമ നം.1 മുതൽ 102 വരെയായി രജിസ്റ്റർ ചെയ്തിട്ടുള്ള മരണവിവരങ്ങൾ സേവന പെൻഷൻ പോർട്ടലുമായി ഒത്തുനോക്കിയതിൽ താഴെപ്പറയുന്ന വ്യക്തികൾക്ക് മരണശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | പേര് | മരണ ത്തീയതി | രജിസ്റ്റർ നം. / തീയതി | പ്രതിമാസ പെൻഷൻ തുക | മരണശേഷം പെൻഷൻ നല്കിയ കാലയളവ് | ആകെ തുക | അക്കൌണ്ട് നം. | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|---|
| 1 | തിലകൻ, പൊക്കണത്തുവെളി (വാർദ്ധക്യകാല പെൻഷൻ-104430202860 | 01.4.2023 | 81/23 18.4.23 | 1,600/- | 5/23 - 6/23 | 1600x2 =3200 | 109.....8584 (ഫെഡറൽ ബാങ്ക്) | സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 2 | ഷീല, വാഴത്തറ ( വിധവാ പെൻഷൻ-1044306001150 | 30.04.2023 | 102/23 26.5.23 | 1,600/- | 5/23 - 3/24 | 11x1600 =17600 | 3290...9466 (എസ്.ബി.ഐ.) | നിലവിലും ആക്ടീവ് |
| | ആകെ | | | | | 20,800/- | | |

വിശദീകരണം ലഭ്യമാക്കുവാനും ഡെത്ത് രജിസ്റ്ററിലുള്ള എല്ലാ പെൻഷൻകാരുടേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുള്ള വിവരം പരിശോധിച്ച് മരണശേഷവും പെൻഷൻ നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ലഭ്യമാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.13/07.9.24) മറുപടി ലഭ്യമാക്കിയില്ല.
മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള തുക തിരികെ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
മരണമടഞ്ഞ എല്ലാ പെൻഷൻകാരുടെയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മരണശേഷവും തുക നല്കിയിട്ടുള്ളപക്ഷം തിരികെ ഈടാക്കേണ്ടതുമാണ്.

## 1-19 അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണ വിതരണം -ചെലവഴിക്കാത്ത തുക സി.ഡി.എസ് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | അഗതിരഹിത കേരളം<br>പ്രോജക്ട് നം- S0030/24 |
| അടങ്കൽ | ₹5,00,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹5,00,000/- (വികസന ഫണ്ട് -ജനറൽ) |
| ബിൽ നം/ തീയതി | TRN. 23060500000014651, Dtd 18.11.2023,₹5,00,000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹5,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസിന്റെ ഫെഡറൽ ബാങ്ക് ചേർത്തല സൗത്ത് ശാഖയിലെ അക്കൗണ്ടിലേക്കാണ് (A/C No. 17510100134088) നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി തുക കൈമാറിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, 2023-24 വർഷം ഗുണഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചത് ₹4,63,100 രൂപയാണ്. ബാലൻസ് വന്ന ₹36,900/-

സി.ഡി.എസിന്റെ അക്കൗണ്ടിൽ നിന്നും ട്രഷറി ഇ-ചെലാൻ (GRN -KL009749885202425) പ്രകാരം സർക്കാർ അക്കൗണ്ടിലേക്ക് 21.06.2024 ൽ ഒടുക്കിയിട്ടുണ്ട്. സി.ഡി.എസ് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ 2022-23 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ₹5,00,000 രൂപ നൽകിയതിൽ ₹4,75,000 യാണ് പാസ്ബുക്ക് പ്രകാരം ഭക്ഷണ വിതരണത്തിനായി പിൻവലിച്ചിട്ടുള്ളത്. ₹25,000 രൂപ ഈയിനത്തിൽ നീക്കിയിരുപ്പുണ്ട്. വർഷങ്ങളായി വികസനഫണ്ടിൽ നിന്നും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളായും നൽകിവരുന്ന തുക ഇപ്രകാരം സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ച് ആവശ്യാനുസരണം ചെലവഴിച്ചുവരുകയാണ്. ഓരോ പ്രോജക്ടിൽ നിന്നും നൽകുന്ന തുക,പ്രോജക്ട് പ്രകാരം ചെലവഴിച്ച തുക എന്ന രീതിയിൽ കണക്കുകൾ തയ്യാറാക്കുകയോ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുകയോ ചെയ്തിട്ടില്ല. ഓരോ പ്രോജക്ടിലും ബാക്കി വരുന്ന തുക ബന്ധപ്പെട്ട് ഹെഡ്ഡിലേക്ക് തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വരെയുള്ള കാലയളവിൽ ഭക്ഷണവിതരണത്തിനായി പ്രത്യേക ചലഞ്ച് ഫണ്ടും ലഭിച്ചിരുന്നു. ആയതിനാൽ വികസന ഫണ്ടിൽ നിന്നും ഭക്ഷണ വിതരണത്തിനായി നൽകിയ എത്ര രൂപ ചെലവഴിച്ചു, എത്ര രൂപ ചെലവഴിക്കാനവശേഷിക്കുന്നു എന്ന രീതിയിൽ കണക്കുകൾ ലഭ്യമല്ല. വികസന ഫണ്ട്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ഓരോ വർഷവും നൽകുന്ന തുകയിൽ, ഭക്ഷണ വിതരണത്തിനായി ചെലവഴിച്ചതിന്റെ ബാക്കി തുക നിഷ്ക്രിയമായി സി.ഡി.എസ് അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ടെങ്കിലും നാളിതുവരെയായി കൃത്യമായ കണക്കുകൾ തയ്യാറാക്കി ബന്ധപ്പെട്ട് ഫണ്ടിൽ തിരികെ ഒടുക്കു വരുത്തിയിട്ടില്ല. ഭക്ഷണവിതരണത്തിനായി ഓരോ പ്രോജക്ടുപ്രകാരവും നൽകുന്ന തുകയുടെ ചെലവിന്റെ കണക്കുകൾ തയ്യാറാക്കാത്തതിനും വികസനഫണ്ടുൾപ്പടെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ–25/ 10.09.2024) നൽകിയ മറുപടിയിൽ വിശദാംശങ്ങൾ പരിശോധിച്ച് ചെലവഴിക്കാത്ത തുക തിരികെ ഒടുക്കാൻ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഒടുക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ധനകാര്യകമ്മീഷൻ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിന് പുറമേയായി പ്രത്യേകോദ്ദേശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാന്റുകളും ധനസഹായങ്ങളും നൽകി വരുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന ഫണ്ടുകൾ പ്രത്യേക അക്കൗണ്ടുകൾ മുഖേന, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ചെലവഴിക്കേണ്ടവയാണ്. ഓരോ ആവശ്യങ്ങൾക്കും ലഭിച്ച ഗ്രാന്റുകൾ പ്രത്യകം പ്രോജക്ടുകൾ തയ്യാറാക്കി സമയബന്ധിതമായി ചെലവഴിക്കാത്ത പക്ഷം തിരികെ ഒടുക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രികയിലെ ബി.4 ഷെഡ്യൂൾ പ്രകാരം ഇപ്രകാരം

ലഭിച്ച ധനസഹായം വർഷങ്ങളായി ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ്ഡ് | പദ്ധതിയുടെ പേര് | ബാക്കിയുള്ള തുക |
|---|---|---|
| 320100195 | Grants For Pandemic / Epidemic Control | ₹6,21,400/- |
| 320100200 | Best Panchayat Award -District Level | ₹5,00,000/- |
| 320200207 | Fund For Transferred Institutions - Ayurveda- Capital | ₹5,00,000/- |
| 320200201 | Fund For Transferred Institutions - Agriculture- Capital | ₹15,66,225/- |
| 320200305 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Drinking Water | ₹5,00,000/- |
| 320200399 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | ₹8,13,080/- |
| 320700105 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | ₹3,49,333/- |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | ₹1,57,180/- |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | ₹1,50,000/- |

| | | |
|---|---|---|
| 320300103 | Grants, Funds & Contributions For Specific Purposes – Other Government AgenciesTotal Sanitation | ₹1,50,000/- |
| 320300199 | Grants, Funds & Contributions For Specific Purposes – Other Government Agencies | ₹ 1,12,77,105/- |

ഇവയിൽ പലതും വർഷങ്ങളായി ചെലവഴിക്കപ്പെടാതെ സൂക്ഷിച്ചിട്ടുള്ളതാണ്. ഇപ്രകാരം വർഷങ്ങളായി പ്രത്യേക ശീർഷകങ്ങളിൽ സൂക്ഷിച്ചിട്ടുള്ള തുക പദ്ധതികൾ തയ്യാറാക്കി ചെലവഴിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിച്ചിട്ടില്ല. വെബ്ലാംഖ്യ സോഫ്റ്റ്വെയർ ആരംഭിക്കുന്ന കാലം മുതൽ തുടരുന്ന തുകകളും ഈകൂട്ടത്തിലുണ്ട്. ഇവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകളൊന്നും ലഭ്യമല്ല. ഇവ അതത് ഫണ്ടുകളിലേക്ക് തിരിച്ചടക്കാനും നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകചയറി നല്കിയെങ്കിലും (നം.34/ 13.09.24) മറുപടി ലഭ്യമാക്കിയില്ല. പ്രത്യേകാവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഗ്രാന്റുകളുടേയും അവശേഷിക്കുന്ന തുകയുടേയും വിശദാംശങ്ങൾ പരിശോധിച്ച് അവയുടെ മാനദണ്ഡങ്ങൾ പ്രകാരം പ്രോജക്ട് തയ്യാറാക്കി ചെലവഴിക്കുന്നതിനും അല്ലാത്ത പക്ഷം തിരിച്ചടക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-21 അഗതി-ആശ്രയ- വീട് അറ്റകുറ്റപ്പണികൾക്ക് വികസനഫണ്ടിൽ നിന്നും നൽകിയ തുക സിഡിഎസ് അക്കൌണ്ടിൽ ക്രമവിരുദ്ധമായി സൂക്ഷിക്കുന്നു**

ഗ്രാമപഞ്ചായത്ത് വികസനഫണ്ടിൽ നിന്നും ആശ്രയലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി 2020-21 സാമ്പത്തിക വർഷത്തെ 123/2021 പ്രോജക്ട് പ്രകാരം നൽകിയ തുകയിൽ ₹8,00,000/- നാളിതുവരെയായി ചെലവഴിക്കപ്പെടാതെ ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. അക്കൗണ്ടിൽ (അക്കൗണ്ട് നം-17510100134088 ഫെഡറൽ ബാങ്ക്, ചേർത്തല സൗത്ത്) നിലനിൽക്കുന്നുണ്ട്. ₹13,00,000/- അടങ്കൽ വകയിരുത്തിയ 123/2021 നമ്പർ പ്രോജക്ടിൽ നിന്നും ആകെ 12,50,000/- രൂപയാണ് സി.ഡി.എസ്. അക്കൌണ്ടിലേക്ക് പിൻവലിച്ച് നൽകിയിരുന്നത്. വികസനഫണ്ട് ജനറലിൽ നിന്നും നൽകിയ 6,50,500/-രൂപ 20.04.2020 ലും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും നല്കിയ 4,50,000/-രൂപ 09.07.2020 ലും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും നല്കിയ 1,49,500/- രൂപ 10.11.2020 ലുമാണ് സി.ഡി.എസ് അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ളത്. ഇതിൽ ബ്ലോക്ക്പഞ്ചായത്ത് വിഹിതം നല്കിയ ₹4,50,000/- ഭക്ഷണവിതരണത്തിനായി ചെലവഴിച്ചുവെന്നും ബാക്കി 8,00,000/- രൂപ ചെലവഴിക്കാൻ

സാധിച്ചിട്ടില്ലായെന്നും സി.ഡി.എസിൽ നിന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് തുക സി.ഡി.എസ് അക്കൗണ്ടിലേക്ക് നൽകിയതിന്റെയും വിനിയോഗത്തിന്റെയും വിവരങ്ങൾ ചുവടെചേർക്കുന്നു.

| പ്രോജക്ട് നം | ഫണ്ടിനം | സി.ഡി.എസിന് നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| 123/2021 | വികസനഫണ്ട്-ജനറൽ | ₹650,500/- | 0 | ₹650,500/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹4,50,000/- | ₹4,50,000/- | 0 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | ₹1,49,500/- | 0 | ₹1,49,500/- |
| | **ആകെ** | **₹ 12,50,000/-** | **₹4,50,000/-** | **₹8,00,000/-** |

നൽകിയ തുക ചെലവഴിക്കാത്തതിന്റെ വിശദാംശങ്ങളോ, നാളിതുവരെ തുക തിരികെ ഒടുക്കാത്തതെന്തുകൊണ്ടാണെന്നോ അറിയിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 07.11.2019 ലെ 5/1 നമ്പർ തീരുമാനത്തിലാണ് ആശ്രയ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി തുക ലഭ്യമായ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിച്ച തുകയിൽ നിന്ന് ഏതെങ്കിലും ഗുണഭോക്താക്കൾക്ക് അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ, ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ, ഇനിയെത്ര തുക നീക്കിബാക്കിയുണ്ടെന്നോ ഉള്ള കണക്കുകൾ സി.ഡി.എസ്. ഓഫീസിൽ നിന്നും ലഭ്യമായിട്ടില്ല. അഗതി ആശ്രയ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് വികസനഫണ്ടിൽ നിന്നും ഭക്ഷണവിതരണത്തിനായി നൽകി വരുന്ന തുകയും ചലഞ്ച് ഫണ്ടും ഇതേ അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ഈ ഫണ്ടുകളിൽ നിന്നും ഘട്ടം ഘട്ടമായി മാത്രമാണ് തുക ചെലവഴിക്കപ്പെടുന്നത്. വികസനഫണ്ടിൽ നിന്നും ചലഞ്ച് ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകക്കും ചെലവഴിക്കപ്പെടുന്ന തുകക്കും പ്രത്യേകമായി കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നാളിതുവരെ ലഭിച്ച പലിശയടക്കം 12.06.2024 ൽ സി.ഡി.എസ് അക്കൗണ്ടിൽ ₹12,18,358/-നീക്കിയിരുപ്പുണ്ട്. വീട് അറ്റകുറ്റപ്പണികൾക്കായി ലഭിച്ച തുക ചെലവഴിക്കുന്നത് സംബന്ധിച്ച് നിലവിൽ ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ധനസഹായം അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ഒടുക്കാത്തതിലുള്ള വിശദീകരണവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻകയറിക്ക് (നം-33 തീയതി 13.09.2024) നല്കിയ മറുപടിയിൽ തുക തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും പിൻവലിച്ച് അനധികൃതമായി സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക എത്രയും വേഗം തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് വേതനം നൽകൽ - തുക അധികം നൽകി

പ്രോജക്റ്റ് നം - S 0297/24

പ്രോജക്റ്റിന്റെപേര് - സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വേതനം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 3,00,000 | 19,200 |

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിന് വേതനം നൽകുന്നതിന് ലക്ഷ്യമിട്ട പ്രസ്തുത പ്രോജക്റ്റിന് 09.01.24 ലെ റീ ടെൻഡർ പ്രകാരം എവർഷൈൻ, ചേർത്തല തെക്ക് എന്ന സ്ഥാപനത്തിന്റെ പോസ്റ്റ് 1 ന് 185 രൂപ പ്രകാരമുള്ള നിരക്ക് അംഗീകരിച്ചു(09.01.24 ലെ തീരുമാനം നം.2). സ്ഥാപനം സമർപ്പിച്ച 22.02.24 ലെ ടാക്സ് ഇൻവോയ്സ് നം.7 പ്രകാരം ലേബർ ചാർജിനത്തിൽ 19,200/- രൂപ നൽകി.(ബിൽ നം.39/23-24/26.03.24 തുക-19,200). ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Particulars | Qty | Rate | Amount |
|---|---|---|---|
| Labour | 80 | 203.39 | 16271.2 |
| CGST(9%) | | | 1464.41 |
| SGST(9%) | | | 1464.41 |
| TOTAL | | | 19200 |

ടെൻഡറിൽ ടാക്സ് ഉൾപ്പെടെ വേതനമിനത്തിൽ 185 രൂപ കാട്ട് ചെയ്ത സ്ഥാപനത്തിന് 240 രൂപ നിരക്കിൽ തുക അനുവദിച്ച് നൽകിയതുമൂലം ഉണ്ടായ അധികചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

നൽകിയ തുക = 80X240 = 19200

നൽകാവുന്ന തുക =80X185 = 14800

അധികം നൽകിയ തുക = 19200 – 14800 = 4400

4,400 രൂപ അധികം നൽകി.

എവർഷൈൻ, ചേർത്തലയ്ക്ക് വേണ്ടി ബിജു ബി., തോട്ടത്തിലുമായി കരാർ ചമച്ചിട്ടില്ല. ബിജു ബി. യുടെ പേരിലുള്ള 200 രൂപയുടെ കരാർ വ്യവസ്ഥകളൊന്നും രേഖപ്പെടുത്താത്ത ശൂന്യമായ മുദ്രപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.18/07.09.24) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 4,400/- രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-23 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - തുക അധികം നൽകി

പ്രോജക്ട് നം - S 0191/24(സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 321246 | 0 |
| തനത് ഫണ്ട് | 321246 | 250783 |
| ആകെ അടങ്കൽ | 642492 | 250783 |

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിന് വേതനം നൽകുന്നതിന് ലക്ഷ്യമിട്ട പ്രസ്തുത സ്പിൽ ഓവർ പ്രോജക്ടിന് 09.01.24 ലെ റീ ടെൻഡർ പ്രകാരം എവർഷൈൻ, ചേർത്തല തെക്ക് എന്ന സ്ഥാപനത്തിന്റെ പോസ്റ്റ് 1 ന് 185 രൂപ പ്രകാരമുള്ള നിരക്ക് അംഗീകരിച്ചു(09.01.24 ലെ തീരുമാനം നം.2). സ്ഥാപനം സമർപ്പിച്ച ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Invoice No/Date | Item | Qty | Rate | Amount | CGST(9%) | SGST(9%) | Total | Cheque No/Date |
|---|---|---|---|---|---|---|---|---|---|
| 1 | 12/ 15.09.23 | Labour Charge | 70 | 169.49 | 11864.3 | 1067.78 | 1067.78 | 14000 | 445418/28.02.24 |
| 2 | 8/ 23.05.23 | Labour Charge | 75 | 169.49 | 12711.75 | 1144.05 | 1144.05 | 15000 | 445416/ 28.02.24 |
| 3 | 4/ 24.03.23 | Labour Charge | 67 | 169.49 | 11355.83 | 1022.02 | 1022.02 | 13400 | 445419/ 28.02.24 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | ഹാജരാക്കിയില്ല | Labour Charge | 91 | 169.49 | 15423.59 | 1388.12 | 1388.12 | 18200 | 445417/ 28.02.24 |

ടെൻഡറിൽ ടാക്സ് ഉൾപ്പടെ വേതനമിനത്തിൽ 185 രൂപ ക്വാട്ട് ചെയ്ത സ്ഥാപനത്തിന് 200 രൂപ നിരക്കിൽ തുക അനുവദിച്ച് നൽകിയതുമൂലം ഉണ്ടായ അധികചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 1 | 70X200 = 14000 | 70X185 = 12950 | 1,050 |
| 2 | 75X200 = 15000 | 75X185= 13875 | 1,125 |
| 3 | 67X200 = 13400 | 67X185 = 12395 | 1,005 |
| 4 | 91X200 = 18200 | 91X185 = 16835 | 1,365 |
| ആകെ അധികം നൽകിയ തുക | | | 4,545 |

അനുബന്ധ സാധനങ്ങൾക്കായി എവർഷൈൻ, ചേർത്തലയ്ക്ക് തുക നൽകിയതിന് ഹാജരാക്കിയ ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | തുക | ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | 11/15.09.23 | 44,125 | 445418/28.02.24 |
| 2 | 5/31.03.23 | 47,225 | 445416/ 28.02.24 |
| 3 | 3/24.03.23 | 41,830 | 445419/ 28.02.24 |
| 4 | ഹാജരാക്കിയില്ല | 57,003 | 445417/ 28.02.24 |

| | | |
|---|---|---|
| ആകെ | 1,90,183 | |

അപാകത ചുവടെ ചേർക്കുന്നു.

1) കാട്ട് ചെയ്തതിൽ നിന്നും വിഭിന്നമായി 4,545/- രൂപ ലേബർ ചാർജിനത്തിൽ അധികം നൽകി.

2) എവർഷൈൻ, ചേർത്തലയ്ക്ക് വേണ്ടി ബിജു ബി., തോട്ടത്തിലുമായി കരാർ ചമച്ചിട്ടില്ല. ബിജു ബി. യുടെ പേരിലുള്ള കരാർ വ്യവസ്ഥകളൊന്നും രേഖപ്പെടുത്താത്ത ശൂന്യമായ 200 രൂപയുടെ മുദ്രപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

3) അനുബന്ധ സാധനങ്ങൾക്കായി മേൽ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം ഇല്ല. സാധനങ്ങളുടെ വിനിയോഗവിവരം ഇല്ല.

4) 18,200/- രൂപയുടെ ലേബർ ചാർജിനത്തിലും, 57003/- രൂപയുടെ അനുബന്ധ സാധനങ്ങൾക്കായും തുക നൽകിയതിന് ആധാരമായ ഇൻവോയ്സുകൾ ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/13.09.24) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 57,003/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധികം നൽകിയ 4,545/- രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## <u>1-24 ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല</u>

2023-24 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | വകയിരുത്തിയ തുക |
|---|---|---|---|---|
| 1 | S0006/24 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം | തനത് ഫണ്ട് | 4,00,000 |
| 2 | S0019/24 | കേരളോത്സവം | വികസനഫണ്ട് (പൊതുവിഭാഗം) | 30,000 |
| | | | തനത് ഫണ്ട് | 1,00,000 |
| | | | ആകെ അടങ്കൽ | 5,30,000 |

മേൽ പ്രോജക്ടുകളിൽ നിന്നുള്ള ചെലവ് വിവരവും, ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാതിരുന്നതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/10.09.24) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകളിൽ നിന്നുള്ള ചെലവ് വിവരം ലഭ്യമാക്കാത്തതിനാൽ ടി ഇനത്തിലെ ചെലവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ട് പ്രകാരം വരുന്ന ചെലവുകൾ കൃത്യമായി ചെലവ് പത്രികയിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മേൽ പരാമർശിച്ച ചെലവുകൾ ചെലവുപത്രികയിൽ ഉൾപ്പെടുത്തി, രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-25 എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് ഓഫീസ് വാഹന വാടക - കരാർ എടുത്തവരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 226/23 |
| പ്രോജക്ടിന്റെ പേര് | : | എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് ഓഫീസ് വാഹന വാടക |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് വിവരം | : | 2,50,600/- |
| ബിൽ നം. | : | (7/2023 മുതൽ 2/2024 വരെയുള്ള മാസങ്ങളിലെ വിവിധ ബില്ലുകൾ) |

ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായുള്ള പദ്ധതിയ്ക്കായി ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.മഹിദ് ആർ. എന്നയാളുടെ ക്വട്ടേഷൻ (കാർ പ്രതിമാസം 35,800/- രൂപ) അംഗീകരിക്കുകയും 06/2023 മുതൽ 10/2023 വരെയുള്ള 5 മാസത്തേയ്ക്ക് 1,79,000/- രൂപ ടിയാൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ ഒഴിവാക്കുകയും, ശ്രീ.സുന്ദരേശൻ എന്നയാളുമായി നിയമാനുസരണം കരാർ ചമച്ച് (പ്രതിമാസം 35,800/- രൂപ) 01/24, 02/24 എന്നീ മാസങ്ങളിലേയ്ക്ക് 71,600/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ടി വ്യക്തികളിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/13.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വ്യക്തികളിൽ നിന്നും 1% നിരക്കിൽ യഥാക്രമം 1790/-, രൂപയും 716/-

രൂപയും ഉൾപ്പെടെ 2,506/-രൂപ ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടതും ആദായനികുതി വകുപ്പിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 1-26 വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ടുകൾ - ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം വി.ഇ.ഒ (അർത്തുങ്കൽ സർക്കിൾ) നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

**01)വീട് വാസയോഗ്യമാക്കൽ (ജനറൽ)**

| | |
|---|---|
| പ്രോജക്ട് നം./ തീയതി | വീട് വാസയോഗ്യമാക്കൽ (ജനറൽ)<br>(എസ് 0150/2024) |
| പ്രോജക്ട് അടങ്കൽ<br>പ്രോജക്ട് ചെലവ് | ₹45,07,269/-(വികസനഫണ്ട്-ജനറൽ)<br>₹93,721/-(തനത് ഫണ്ട്)<br>**ആകെ 46,00,000/-**<br>₹11,75,000/-(വികസനഫണ്ട് -ജനറൽ) |
| രേഖ ഹാജരാക്കാത്ത ചെലവ് | ₹11,75,000/- |

**02)വീട് വാസയോഗ്യമാക്കൽ (ജനറൽ) S.O**

| | |
|---|---|
| പ്രോജക്ട് നം./ തീയതി | വീട് വാസയോഗ്യമാക്കൽ (ജനറൽ) S.0<br>(എസ് 0252/2024) |
| പ്രോജക്ട് അടങ്കൽ | ₹6,50,000/-(വികസനഫണ്ട്-ജനറൽ)₹1,00,000/-(തനത് |

| | |
|---|---|
| പ്രോജക്ട് ചെലവ് | ഫണ്ട്)<br>**ആകെ 7,50,000/-**<br>₹4,00,000/-(വികസനഫണ്ട് -ജനറൽ) |
| രേഖ ഹാജരാക്കാത്ത ചെലവ് | ₹4,00,000/- |

**02) സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ**

| | |
|---|---|
| പ്രോജക്ട് നം./ തീയതി | **സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ**<br>(എസ് 0102/2024) |
| പ്രോജക്ട് അടങ്കൽ<br>പ്രോജക്ട് ചെലവ് | ₹58,68,700/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>₹18,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| രേഖ ഹാജരാക്കാത്ത ചെലവ് | ₹18,000/- |

പ്രോജക്ടുകളുമായി ബന്ധപ്പെട്ട് രേഖകൾ, അംഗീകൃത ഗുണഭോക്തൃലിസ്റ്റ്, ട്രഷറി ബിൽ, വൗച്ചറുകൾ, മൂല്യ നിർണ്ണയ സാക്ഷ്യപത്രം, തുക കൈമാറിയതിന്റെ വിശദാംശങ്ങൾ എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തീയതി 10.09.2024) മറുപടിയോ പ്രോജക്ടിന്റെ ചെലവ് രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകളിലായി ആകെ ചെലവഴിച്ച ചെലവ് **₹15,93,000/-** തടസ്സപ്പെടുത്തുന്നു. നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവുരേഖകൾ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള കുറ്റകരമായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ചെലവുരേഖകൾ ഓഡിറ്റിന് വിധേയമാക്കാത്തപക്ഷം

ചെലവുതുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-27 ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

2023-24 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) നിർവ്വഹണം ചെയ്ത താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ഫയലും അനുബന്ധ ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ (സുലേഖ ചെലവ് പത്രിക പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|---|---|
| 1 | S0045/24 | വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വാങ്ങൽ | വികസനഫണ്ട്(പൊതുവിഭാഗം) -900000 | വികസനഫണ്ട്(പൊതുവിഭാഗം) -388500 |
| 2 | S0165/24 | എഫ്.എച്ച്.സി.സ്ററാഫിന് വേതനം | വികസനഫണ്ട്(പൊതുവിഭാഗം) - 300000 | വികസനഫണ്ട്(പൊതുവിഭാഗം) - 255040 |
| 3 | S0164/24 (സ്പിൽ ഓവർ) | വനിതകൾക്ക് മെൻസ്ട്രൽ കപ്പ് | വികസനഫണ്ട്(പൊതുവിഭാഗം) -900000 | വികസനഫണ്ട്(പൊതുവിഭാഗം) -846908 |
| 4 | S0039/24 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | തനത് ഫണ്ട് - 100000 | തനത് ഫണ്ട് - 3696 |
| 5 | S0040/24 | ഹോമിയോ ആശുപത്രി മരുന്ന്, മറ്റ് അനുബന്ധ സാധനങ്ങൾ വാങ്ങൽ | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - 300000 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - 300000 |

1997-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്തുന്നതുമായതിനാൽ ചെലവ് രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 6/06.9.24) നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയില്ല. ആയതിനാൽ 17,94,144/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖാമൂലം ആവശ്യപ്പെട്ടിട്ടും രേഖകൾ ഓഡിറ്റിൽ ഹാജരാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ

വിലയിരുത്തുന്നു. ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം ചെലവുതുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-28 പഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പുതുക്കൽ - ഫയൽ പരിശോധനക്ക് ഹാജരാക്കിയില്ല

2023-24 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ഫയലും അനുബന്ധ ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ (സുലേഖ ചെലവ് പത്രിക പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|---|---|
| 1 | S0018/24 | പഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പുതുക്കൽ | വികസനഫണ്ട്(പൊതുവിഭാഗം) -161250<br>തനത് ഫണ്ട് - 100000<br>ആകെ – 261250 | വികസനഫണ്ട്(പൊതുവിഭാഗം) -69115<br>തനത് ഫണ്ട് - 36995<br>ആകെ ചെലവ് – 106110 |

1997-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്തുന്നതുമാണ്. ആയതിനാൽ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.08/07.09.24) നൽകി. എന്നാൽ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയൽ ഹാജരാക്കാത്തതിനാൽ 1,06,110/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുരേഖകൾ ഓഡിറ്റിന് വിധേയമാക്കാത്തപക്ഷം ചെലവുതുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-29 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

എ) പ്രോജക്ട് നം.S0064/24 -മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്

| അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|
| 8,20,000/- വികസനഫണ്ട് (പൊതുവിഭാഗം) | 4,84,256 | ട്രഷറി ബിൽ നം.3/23.2.24 |

| | | |
|---|---|---|
| 6,00,000/-<br>തനത് ഫണ്ട് | 5,13,507 | ചെക്ക്<br>നം.445448/27.3.24 |
| ആകെ 14,20,000/- | 9,97,763 | |

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. GeM താരതമ്യ പത്രികയുടെ അടിസ്ഥാനത്തിൽ IT Proffesionals Co-Op.Society, Thiruvananthapuram-T1959 എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ വിശദവിവരം

<table>
<tr><th></th><th>ഇൻവോയ്സ് നം.</th><th>ലാപ്ടോപ്പുകളുടെ എണ്ണം</th><th>നികുതി ഉൾപ്പെടെ നിരക്ക്</th><th>ഇൻവോയ്സ് തുക</th><th>ആകെ ചെലവ്</th></tr>
<tr><td>21</td><td>IT/23-24L389/12.12.23</td><td>13</td><td>37,250.5</td><td>4,84,256/-</td><td>4,84,256</td></tr>
<tr><td>3</td><td>IT/23-24L777/28.2.24</td><td>10</td><td>35,757.5</td><td>3,57,575/-</td><td rowspan="4">5,13,507</td></tr>
<tr><td>4</td><td>.IT/23-24L776/28.2.24</td><td>3</td><td>35,757.5</td><td>1,07,273/-</td></tr>
<tr><td>5</td><td>IT/23-24L885/13.3.24</td><td colspan="2">10 ലാപ്ടോപ്പുകളുടെ അധിക വാറണ്ടി</td><td>37,430</td></tr>
<tr><td>6</td><td>IT/23-24L886/13.3.24</td><td colspan="2">3 ലാപ്ടോപ്പുകളുടെ അധിക വാറണ്ടി</td><td>11,229</td></tr>
<tr><td></td><td></td><td>വ്യത്യാസം</td><td></td><td></td><td>29,251/-</td></tr>
</table>

1) 8.12.23 ലെ GeM താരതമ്യ പത്രികയുടെ അടിസ്ഥാനത്തിലാണ് ആദ്യം 37,250.5 രൂപ നിരക്കിൽ 13 ലാപ്ടോപ്പുകൾ 4,84,256/- രൂപയ്ക്ക് വാങ്ങിയത്. തുടർന്ന് ഇതേ സ്ഥാപനത്തിൽ നിന്നും GeM മുഖേന 35,757.5 രൂപ നിരക്കിൽ 13 (10+3) ലാപ്ടോപ്പുകൾ 4,64,848/- (357575+107273) രൂപയ്ക്ക് വാങ്ങുകയാണ് ചെയ്തത്.

ലാപ്ടോപ് വാങ്ങുന്നതിനുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷനിൽ '3 Year Comprehensive Onsite OEM Warranty Including Battery And Charger' ഉള്ള ലാപ്ടോപ്പുകളാണ് വാങ്ങേണ്ടത്.

ആദ്യം വാങ്ങിയ 13 ലാപ്ടോപ്പുകൾകളുടെ GeM സ്റ്റേറ്റ്മെന്റിൽ 3 വർഷ വാറണ്ടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ രണ്ടാമത് വാങ്ങിയിട്ടുള്ള 13 ലാപ്ടോപ്പുകൾക്ക് (10+3) ലാപ്ടോപ്പിന് 2 വർഷ OEM വാറണ്ടിയും ബാറ്ററിക്ക് ഒരു വർഷ വാറണ്ടിയും മാത്രമാണ് GeM സ്റ്റേറ്റ്മെന്റിൽ

കാണിച്ചിട്ടുള്ളത്. തന്മൂലം രണ്ടാമത് വാങ്ങിയ 13 ലാപ്ടോപ്പുകളുടെ രണ്ട് വർഷ അധിക ബാറ്ററി വാറണ്ടിയ്ക്കായി ഒരു മാസത്തിനുശേഷം രണ്ട് ഇൻവോയ്സുകളിലായി ആകെ 48,659/- രൂപ ചെലവഴിക്കേണ്ടിവന്നു. ഒരേ സ്ഥാപനത്തിൽ നിന്നുതന്നെ ഇപ്രകാരം രണ്ടുവിധത്തിൽ വാറണ്ടിയുള്ള ലാപ്ടോപ്പുകൾ വാങ്ങിയതുമൂലം മേൽ പട്ടിക പ്രകാരം 29,251/- രൂപ അധികം ചെലവഴിക്കേണ്ടിവന്നു. രണ്ടാമത് 28.2.24-ൽ 13 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ GeM താരതമ്യപത്രിക ലഭ്യമാക്കിയില്ല.

2) ആകെ 26 ലാപ്ടോപ്പുകളാണ് വാങ്ങിയതെങ്കിലും ലാപ്ടോപ്പ് വിതരണ രജിസ്റ്റർ പ്രകാരം 30 എണ്ണം വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു.

3) ലാപ്ടോപ്പ് നല്കിയിട്ടുള്ള 17-ാം ക്രമ നമ്പരിലുള്ള വൃന്ദ.എച്ച്., D/O. ഹർഷൻ.റ്റി., കോഴിക്കാട്ട്, തൈക്കൽ എന്ന ഗുണഭോക്താവ് 2020-23 അക്കാദമിക് വർഷം കേരള സർവ്വകലാശാലയിൽ പ്രൈവറ്റായി ബിരുദകോഴ്സിനു ചേർന്നിരുന്നതിന്റെ രജിസ്ട്രേഷൻ രേഖയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്(Private Reg. Memo No.85020902612/7.12.21). ആയത് പ്രകാരം ടിയാൾ 2023 March/April മാസത്തിൽ ഫൈനൽ ഇയർ പരീക്ഷ എഴുതുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പഠിച്ചിരുന്ന പാരലൽ കോളേജിന്റെ സാക്ഷ്യപത്രത്തിലും 2020-23 വർഷം പഠിച്ചതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് വർഷ (2023-24)ത്തിനു മുമ്പ് ടിയാരിയുടെ കോഴ്സ് കഴിഞ്ഞതാണ്. ടിയാൾ തൻവർഷം അംഗീകൃത സ്ഥാപനങ്ങളിൽ വിദ്യാർത്ഥിയാണെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാനും അല്ലാത്തപക്ഷം ലാപ്ടോപ്പ് തിരികെ ലഭ്യമാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ അർഹതയുള്ള മറ്റൊരാൾക്ക് നല്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കുവാനും മുകളിൽ പ്രതിപാദിച്ച മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/9.9.24) താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1) ലാപ്ടോപ്പ് വാങ്ങിയതിനും ബാറ്ററി വാറണ്ടിയ്ക്കായി അധിക തുക നല്കിയതും കണക്കിലെടുത്താലും L2, L3 തുകയിലും അധികരിക്കുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഫയലിൽ മേൽ സ്ഥാപനത്തിൽ നിന്നും 35,757/- രൂപ നിരക്കിൽ 13 ലാപ്ടോപ്പുകൾ വാങ്ങുന്നതിനുള്ള 8.2.24ലെ GeM കോൺട്രാക്ട് സ്റ്റേറ്റ്മെന്റ് മാത്രമാണുള്ളത്. രണ്ടാമത് 28.2.24ൽ 13 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ GeM താരതമ്യപത്രിക ലഭ്യമാക്കിയില്ല. GeM താരതമ്യ പത്രിക ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതുവരെ പട്ടികപ്രകാരമുള്ള 29,251/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതിയിൽ 2023-24 വർഷം ആകെ 40 എണ്ണമാണ് വിതരണം ചെയ്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. 4 ലാപ്ടോപ്പുകളുടെ തുക Quee Bill ആയതിനാൽ 2024-25 വർഷമാണ് ചെലവഴിച്ചിട്ടുള്ളത് എന്നും ആയതിനാലാണ് വിതരണ രജിസ്റ്ററിൽ 40 എണ്ണം ഉള്ളതെന്നുമാണ് അറിയിച്ചത്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 30 എണ്ണം വിതരണം

ചെയ്തതിന്റെ രേഖയാണുള്ളത്. എന്നാൽ തൻവർഷം മൂന്ന് ഇൻവോയ്സുകളായി 26 ലാപ്ടോപ്പുകൾ മാത്രമാണ് വാങ്ങിയതും Quee Bill ൽ ഉൾപ്പെട്ട 4 എണ്ണവും ചേർത്താൽ ആകെ 30 എണ്ണം എന്നത് വിതരണരജിസ്റ്റർ പ്രകാരം ശരിയാകുമെങ്കിലും മറുപടി പ്രകാരം 40 എണ്ണം വാങ്ങി എന്നതുമായി പൊരുത്തപ്പെടുന്നില്ല. ആയത് സംബന്ധമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3) വൃന്ദ എന്ന ഗുണഭോക്താവ് സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന കുട്ടിയാണ് എന്ന മറുപടി അംഗീകരിക്കുന്നില്ല. ടിയാരി 2023-24 സാമ്പത്തികവർഷം വിദ്യാർത്ഥിയല്ലാത്തതിനാൽ നല്കിയ ലാപ്ടോപ്പ് തിരികെ ലഭ്യമാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ അർഹതയുള്ള മറ്റൊരാൾക്ക് നല്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഒരു ലാപ്ടോപ്പിന്റെ വില നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-30 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് -അധികച്ചെലവും ജി.എസ്.ടി. ഈടാക്കിയിട്ടുമില്ല

ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് (പ്രോജക്ട് നം.S0091/24) എന്ന പ്രോജക്ട്.

| അടങ്കൽ | ചെലവ് |
|---|---|
| 23,99,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14,99,959 |
| 1,01,000/-തനത് ഫണ്ട് | 0 |
| 8,33,000 (ഗുണഭോക്തൃവിഹിതം) | 3,22,400 |
| ആകെ 33,33,000/- | 18,22,359 |

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ പ്രോജക്ടിനായി 500 ലിറ്ററിന്റെ 334 വാട്ടർ ടാങ്കുകൾക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ താഴെപ്പറയും പ്രകാരം സ്ഥാപനങ്ങൾ നിരക്ക് കോട്ട് ചെയ്ത് പ്രാഥമിക കരാർ വച്ചിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | നിരക്ക് (നികുതി ഉൾപ്പെടെ) |
|---|---|---|
| 1 | AB Enterprises | 2497 |
| 2 | South In | 2199 |
| 3 | Nasar.K.P. | 3490 |
| 4 | RaidcoKerala Ltd | 2382 |

| | | |
|---|---|---|
| 5 | Tritech Traders | 2494 |
| 6 | Proxima | 2275 |
| 7 | Socio Economic Unit Foundation | 3850 |

1) ഓഡിറ്റിൽ ഹാജരാക്കിയ ഫയൽ പ്രകാരം ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള പല സ്ഥാപനങ്ങളുടെയും ക്വട്ടേഷന്റെയൊപ്പം വിവിധ സ്വകാര്യ ഗുണനിലവാര നിർണ്ണയ ഏജൻസികൾ നല്കിയിട്ടുള്ള സർട്ടിഫിക്കറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 5.1.24 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം AB Enterprises എന്ന സ്ഥാപനത്തിന്റെ വാട്ടർ ടാങ്ക് വാങ്ങിയത് Centre For Biopolymer Science And Technology (A Unit Of CIPET-Government Of India) എന്ന സർക്കാർ സ്ഥാപനത്തിൽ ഗുണമേന്മാ പരിശോധന നടത്തിയ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണെന്നാണ് ഫിഷറീസ് ഇൻസ്പെക്ടർ അറിയിച്ചത്.

2) ഒന്നിന് 4,000/- രൂപ നിരക്കിൽ 833 ടാങ്കുകൾ വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. 334 വാട്ടർ ടാങ്കുകൾ വാങ്ങുന്നതിനാണ് കരാർ ക്ഷണിച്ചിരുന്നതെങ്കിലും അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ 01/2024/6.2.24 കത്ത് പ്രകാരം 600 എണ്ണത്തിനാണ് AB Enterprises ന് സപ്ലൈ ഓർഡർ നല്കിയിട്ടുള്ളത്. എന്നാൽ ഇൻവോയ്സുകൾ, വിതരണ രജിസ്റ്റർ എന്നിവ പ്രകാരം 821 എണ്ണമാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. മേൽ സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയതിൽ ഒരു ടാങ്കിന് 50/- രൂപ കിഴിച്ച് 2,447/- രൂപ നിരക്കിൽ നല്കാമെന്നും ഗ്രാമപഞ്ചായത്തിന്റെ പേര് ടാങ്കിൽ രേഖപ്പെടുത്തി നല്കാമെന്നും ധാരണയായിരുന്നു. വാങ്ങിയിട്ടുള്ള വാട്ടർ ടാങ്കുകളുടെ ഇൻവോയ്സ് നമ്പരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | ടാങ്കുകളുടെ എണ്ണം | ബിൽ തുക |
|---|---|---|---|
| 1 | AB-63/13.2.24 | 40 | 97,880 |
| 2 | AB-65/14.2.24 | 40 | 97,880 |
| 3 | AB-66/15.2.24 | 40 | 97,880 |
| 4 | AB-81/11.3.24 | 200 | 4,89,398 |
| 5 | AB-82/12.3.24 | 200 | 4,89,398 |
| 6 | AB-87/21.3.24 | 250 | 6,11,747 |
| 7 | AB-99/27.3.24 | 51 | 1,24,796 |
| Total | | 821 | 20,08,979 |

തുക നല്കിയതിന്റെ വിശദാംശം

| ക്രമ നം. | EGram Swaraj വൌച്ചർ നം./ തനത് ഫണ്ട് ചെക്ക് നം. | തുക |
|---|---|---|
| 1 | ചെക്ക് നം.445430/15.3.24 | 24,800 |
| 2 | XVFC/2023-24/P/66 – 216750/- | 2,19,240 |
| 3 | ചെക്ക് നം.445429/15.3.24 | 49,600 |
| 4 | ചെക്ക് നം.109569/25.3.24 | 1,24,000 |
| 5 | XVFC/2023-24/P/75 – 361251/- | 3,65,398 |
| 6 | XVFC/2023-24/P/76 – 361251/- | 3,65,398 |
| 7 | XVFC/2023-24/P/79 – 451563/- | 4,56,747 |
| 8 | XVFC/2023-24/P/87 – 92118/- | 93,176 |
| 9 | ചെക്ക് നം.109570/25.3.24 | 1,24,000 |
| Total | | 18,22,359 |

ബാക്കി നല്കാനുള്ള തുക 2023-24 വർഷം Q Bill ആയിട്ടുണ്ട്.
3) സ്ഥാപനത്തിന്റെ ബിൽ തുകയിൽ നിന്നും ജി.എസ്.ടി. റ്റി.ഡി.എസ്.(2%) ആയി ഈടാക്കേണ്ട 34,050/- രൂപ (2073.72x821=1702524x2%) ഈടാക്കിയിട്ടില്ല.

4) മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയ സമയത്തുതന്നെ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം.275/24 – എസ്.ടി- കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എന്ന പ്രോജക്ടിൽ ഇതേ സ്ഥാപനത്തിൽ നിന്നും ഇതേ മോഡൽ വാട്ടർടാങ്ക്(Selzer Polymers ന്റെ ECOSEL മോഡൽ) 40 എണ്ണം വാങ്ങിയിട്ടുള്ളത് 2,350/- രൂപ നിരക്കിലാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് പ്രോജക്ടിലും എസ്.ടി- കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എന്ന പ്രോജക്ടിലുമായി വാട്ടർ ടാങ്കുകൾ വിതരണം ചെയ്തിട്ടുള്ളത് സ്ഥാപനത്തിന്റെ തുടർച്ചയായ ഇൻവോയ്സുകൾ പ്രകാരമാണ്. അതായത് AB-81/11.3.24, AB-82/12.3.24 എന്നീ ഇൻവോയ്സുകൾ പ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്തത് 2447/- രൂപ നിരക്കിലും എസ്.ടി.കുടുംബങ്ങൾക്ക് മേൽ ഇൻവോയ്സിന്റെ അടുത്ത ഇൻവോയ്സായ AB-83/13.3.24 പ്രകാരം വിതരണം ചെയ്തിട്ടുള്ളത് 2,350/- രൂപ നിരക്കിലുമാണ്. തുടർന്നുള്ള ഇൻവോയ്സുകളിലും വർദ്ധിച്ച നിരക്കിലാണ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം ചെയ്തിട്ടുള്ളത്. അതായത് 40 എണ്ണം വാങ്ങിയപ്പോൾ 2,350/- രൂപ നിരക്കിലും 821 എണ്ണം വാങ്ങിയപ്പോൾ 2,447/- രൂപ നിരക്കിലും വിതരണം നടത്തിയതുമൂലം ഒന്നിന് 97/- രൂപ നിരക്കിൽ 821 എണ്ണത്തിനായി 79,637/-രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/9.9.24) ആദ്യം ഗുണഭോക്താക്തൃവിഹിതം അടവാക്കിയ 600 പേർക്കും പിന്നീട് ഗുണഭോക്താക്കൾ

കൂടിയതിനാൽ കൂടുതൽ വാട്ടർ ടാങ്കുകൾക്ക് സപ്ലൈ ഓർഡർ നല്കുകയുമാണുണ്ടായത് എന്നും അസി. സെക്രട്ടറി നടത്തിയ എസ്.ടി- കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എന്ന പ്രോജക്ടിനു മുമ്പാണ് മത്സ്യത്തൊഴിലാളികൾക്ക് വാട്ടർടാങ്ക് എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതെന്നും Sample പരിശോധന നടത്തി എല്ലാ കമ്പനികളുമായി നെഗോസിയേഷൻ കത്ത് നല്കിയതിനുശേഷമാണ് AB എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതെന്നും ഇതിനുശേഷം അസിസ്റ്റന്റ് സെക്രട്ടറി നടത്തിയ പ്രോജക്ടിനെക്കുറിച്ച് അറിവില്ല എന്നും വാട്ടർടാങ്ക് പദ്ധതിയിൽ നെഗോസിയേഷൻ നടത്തുന്നതിന് എല്ലാവരോടും ഫോണിൽ നേരിട്ട് വിളിച്ച് പറഞ്ഞിട്ടുള്ളതുമാണെന്നാണ് ഫിഷറീസ് സബ് ഇൻസ്പെക്ടർ മറുപടി ലഭ്യമാക്കിയത്.

വില താരതമ്യപത്രികപ്രകാരം 334 ടാങ്കുകൾക്കാണ് ക്വട്ടേഷൻ ക്ഷണിച്ചിരുന്നതെങ്കിലും പ്രോജക്ടിൽ നിർണ്ണയിച്ചിരുന്ന വിലയിലും കുറഞ്ഞനിരക്കിൽ ടാങ്കുകൾ ലഭ്യമായതിനാൽ പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ അധികരിക്കാതെ കൂടുതൽ ടാങ്കുകൾ വാങ്ങുവാൻ കഴിഞ്ഞു.

ടാങ്ക് വാങ്ങിയ സ്ഥാപനം 2024 മാർച്ച് മാസം ആകെ അടവാക്കിയ ജി.എസ്.ടി. സ്റ്റേറ്റ്മെന്റാണ് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. മേൽ വാങ്ങലിന്റെ ജി.എസ്.ടി. അടവാക്കിയ വിശദമായ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ലഭ്യമാക്കാത്തപക്ഷം ജി.എസ്.ടി. റ്റി.ഡി.എസ്.(2%) ആയി ഈടാക്കേണ്ട 34,050/- രൂപയുടെ (2073.72x821=1702524x2%) രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടക്കേണ്ടതാണ്.

വാങ്ങലുകൾ നടത്തുന്നതിനായുള്ള ഗ്രാമപഞ്ചായത്തിലെ പ്രോക്യൂവർമെന്റ് കമ്മിറ്റി, വ്യത്യസ്ഥ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന രണ്ടു പ്രോജക്റ്റുകളിലെ ഒരേ സാധനത്തിനായുള്ള വാങ്ങലിൽ ഒരേ സമയം ഒരേ ഇനത്തിന് ഒരേ സ്ഥാപനത്തിൽ നിന്നും കൂടിയ വിലയ്ക്ക് വാങ്ങുന്നതിന് തീരുമാനമെടുത്ത 05.01.2024 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ സംബന്ധിച്ച പ്രസിഡന്റ് സിനിമോൾ സാംസൺ, അജിത ഒ.പി.(ഡവലപ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) ടോമി, ഏലശ്ശേരിൽ(ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) എന്നിവരിൽ നിന്നും അധികം ചെലവഴിച്ച 79,637/-രൂപ തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ റ്റി.എം.മഹാദേവൻ എന്ന വ്യക്തികൂടി പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിട്സിൽ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇദ്ദേഹം നിർവ്വഹണ ഉദ്യോഗസ്ഥനോ പഞ്ചായത്ത് അംഗമോ പഞ്ചായത്ത് ജീവനക്കാരനോ അല്ല. ഈ വ്യക്തി ആരാണെന്ന് വ്യക്തമാക്കേണ്ടതുമാണ്.

## **1-31 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെചേർക്കുന്ന ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റി ദീർഘനാളായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|
| **എസ്.ടി വിഭാഗം** | | |
| **1** | അജയകുമാർ,<br>വി വി ഗ്രാമം<br>കുറുപ്പൻകുളങ്ങര, | ആദ്യഗഡു വാങ്ങിയത് -09.01.23<br>ആകെ കൈപ്പറ്റിയ തുക-40,000 |
| **എസ്.സി വിഭാഗം** | | |
| 1 | കനകമ്മ,<br>ഗോപുഭവൻ<br>കുറുപ്പൻകുളങ്ങര,<br>വാർഡ് -6 | ആദ്യഗഡു വാങ്ങിയത് -09.02.23<br>ആകെ കൈപ്പറ്റിയ തുക-40,000 |
| 2 | ദീലീപ്, തറയിൽ കുറുപ്പൻകുളങ്ങര | ആദ്യഗഡുവാങ്ങിയത്-02.6.23<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 3 | അഭിലാഷ്,<br>നികർത്തിൽ,<br>അർത്തുങ്കൽ | ആദ്യഗഡുവാങ്ങിയത്-02.6.23<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 4 | സിന്ധു,<br>നികർത്തിൽ<br>കുറുപ്പൻകുളങ്ങര, | ആദ്യഗഡു വാങ്ങിയത്-02.6.23<br>ആകെ കൈപ്പറ്റിയ തുക-₹80,000/- |
| 5 | ജയപ്രകാശ്<br>വാലിയിൽ<br>കുറുപ്പൻകുളങ്ങര, | ആദ്യഗഡു വാങ്ങിയത്-02.6.23<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| | | |

| | | |
|---|---|---|
| 6 | സ്മിത എം.എം.,<br>മഞ്ചാടിക്കൽലക്ഷം വീട്<br>കുറുപ്പൻകുളങ്ങര | ആദ്യഗഡുവാങ്ങിയത്-15.6.21<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 7 | ഹരികുമാർ<br>കുന്നുംപുറത്ത്<br>കുറുപ്പൻകുളങ്ങര | ആദ്യഗഡുവാങ്ങിയത്-16.02.22<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 8 | അഭിമന്യു<br>ആദർശ് ഭവൻ<br>തൈക്കൽ പി.ഒ. | ആദ്യഗഡുവാങ്ങിയത്-30.03.22<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 9 | ദേവിക<br>പുതുവൽനികർത്ത്<br>തൈക്കൽ പി.ഒ. | ആദ്യഗഡുവാങ്ങിയത്-30.03.22<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 10 | ബേബിലാൽ<br>പുതുവൽനികർത്ത്<br>തൈക്കൽ പി.ഒ. | ആദ്യഗഡുവാങ്ങിയത്-27.01.22<br>അവസാനംഗഡുവാങ്ങിയത്-16.02.22<br>ആകെ കൈപ്പറ്റിയ തുക-₹ 200,000/- |
| 11 | അഖിൽ സലിം<br>പാണ്ടുവെളിനികർത്ത്<br>അർത്തുങ്കൽ പി.ഒ. | ആദ്യഗഡുവാങ്ങിയത്-16.02.22<br>അവസാനംഗഡുവാങ്ങിയത്-26.9.22<br>ആകെ കൈപ്പറ്റിയ തുക-₹ 200,000/- |
| **ഫിഷറീസ് & ജനറൽ** | | |
| 1 | ബിനു ചിറയിൽ<br>കടക്കരപ്പള്ളി | ആദ്യഗഡുവാങ്ങിയത്-14.01.2022<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 2 | ശീലാവതി ആന്റണി<br>കാട്ടുശ്ശേരി, എഴുപുന്ന | ആദ്യഗഡുവാങ്ങിയത്-11.07.2022<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 3 | ആനി ജോസ്<br>തായിൽ, മാരാരിക്കുളം | ആദ്യഗഡുവാങ്ങിയത്-11.07.2022<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |

| | | |
|---|---|---|
| 4 | ആനി ജോസ്<br>തായിൽ, മാരാരിക്കുളം | ആദ്യഗഡുവാങ്ങിയത്-11.07.2022<br>ആകെ കൈപ്പറ്റിയ തുക-₹ 40,000/- |
| 5 | തോമസ്<br>പള്ളിക്കാതായിൽ | ആദ്യഗഡുവാങ്ങിയത്-30.04.2021<br>അവസാനംഗഡുവാങ്ങിയത്-18.1.23<br>ആകെ കൈപ്പറ്റിയ തുക-₹ 300,000/- |
| 6 | ധന്യാ ജോസഫ്<br>എന്നാത്തയിൽ<br>വാർഡ് -6 | ആദ്യഗഡുവാങ്ങിയത്-21.11.19<br>അവസാനംഗഡുവാങ്ങിയത്-13.8.19<br>ആകെ കൈപ്പറ്റിയ തുക-₹ 3.60,000/- |
| 7 | മിനിമോൾ പ്രസാദ്<br>കൊല്ലംപറമ്പിൽ<br>വാർഡ് -6 | ആദ്യഗഡുവാങ്ങിയത്-11.07.18<br>അവസാനംഗഡുവാങ്ങിയത്-4.5.21<br>ആകെ കൈപ്പറ്റിയ തുക-₹ 3.60,000/- |
| 8 | നീരജ നിധേഷ്<br>തെക്കേവെളി<br>വാർഡ് -11 | ആദ്യഗഡുവാങ്ങിയത്-26.09.18<br>അവസാനംഗഡുവാങ്ങിയത്-5.6.20<br>ആകെ കൈപ്പറ്റിയ തുക-₹2,00,000/- |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയ ശേഷം ദീർഘനാളായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-16 തീയതി 07.09.2024) നൽകിയ മറുപടിയിൽ ദീർഘനാളായി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പക്കൽ നിന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതും ആനുകൂല്യം കൈപ്പറ്റിയശേഷം ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 1-32 കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ- ചെലവുരേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം **കൃഷി ഓഫീസർ** നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവുരേഖകൾ ഓഡിറ്റ് ആവശ്യപ്പെട്ടെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

**01) അടക്ക വിത്തുവിതരണം**

| | |
|---|---|
| പ്രോജക്ട് നം./തീയതി | **അടക്ക വിത്തുവിതരണം** (എസ് 0259/2024) |
| പ്രോജക്ട് അടങ്കൽ<br>പ്രോജക്ട് ചെലവ് | ₹10,00,000/-(തനത് ഫണ്ട്)<br>₹9,01,000/- (തനത് ഫണ്ട്)) |
| രേഖ ഹാജരാക്കാത്ത ചെലവ് | ₹9,01,000/- |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ചെലവുരേഖകൾ, ടെണ്ടർ ഡോക്യുമെന്റ്, ഇ -ടെണ്ടർ രേഖകൾ, സപ്ലൈ ഓർഡർ, ഇൻവോയ്സുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി, ജനറൽ കമ്മിറ്റി തീരുമാനങ്ങൾ, ബില്ലുകൾ, സ്റ്റോക്ക് വിവരണങ്ങൾ, വിതരണവിതരങ്ങൾ, തുക വിനിയോഗിച്ചതിന്റെ രസീതികൾ എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അതേപോലെ താഴെ ചേർത്തിട്ടുള്ള പ്രോജക്ടുകളുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും ചെലവുരേഖകൾ പൂർണ്ണമല്ല.

**01) ഓണമുണ്ണാൻ ഒത്തുനടാം**

| | |
|---|---|
| പ്രോജക്ട് നം./ തീയതി | **ഓണമുണ്ണാൻ ഒത്തുനടാം** (എസ് 0068/2024) |
| പ്രോജക്ട് അടങ്കൽ<br>പ്രോജക്ട് ചെലവ് | ₹2,75,000/-(വികസനഫണ്ട്-ജനറൽ)<br>₹2,75,000/-(വികസനഫണ്ട്-ജനറൽ) |

പദ്ധതിയുമായി ബന്ധപ്പെട്ട് എക്കോഷോപ്പ്, ചേർത്തല സൌത്ത് നിന്നും 275000 വില വരുന്ന 1,10,000 പച്ചക്കറി തൈകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

**02) നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി**

| | |
|---|---|
| പ്രോജക്ട് നം./ തീയതി | **നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി** (എസ് 0067/2024) |
| പ്രോജക്ട് അടങ്കൽ<br>പ്രോജക്ട് ചെലവ് | ₹ 7,00,000/- (വികസനഫണ്ട്-ജനറൽ- ₹ 5,00,000 +₹ 200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹5,41,820/-(വികസനഫണ്ട്-ജനറൽ- ₹ 346220 +<br>₹ 195600 ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

പദ്ധതിയുമായി ബന്ധപ്പെട്ട് ₹ 5,41,820 /- രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിവിധ ബില്ലുകൾ മുഖാന്തിരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ടിനൊപ്പം ഹാജരാക്കിയിട്ടുള്ള കർഷകരുടെ അപേക്ഷകളിൽ കൃഷി ഓഫീസർ പരിശോധിച്ച് നൽകാവുന്ന സബ്സിഡി തുക അംഗീകരിച്ചിട്ടില്ല. ആയതിനാൽ കർഷകർക്ക് നൽകിയിട്ടുള്ള കൂലിച്ചെലവ് സബ്സിഡി തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ട്രഷറി ബിൽ തുക കർഷകർക്ക് ലഭിച്ചതിന്റെ U.T.R സ്റ്റേറ്റ്മെന്റും പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ ബിൽ പ്രകാരമുള്ള തുക കർഷകർക്ക് കൃത്യമായി ലഭിച്ചിട്ടുണ്ട് എന്ന വിവരം ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27 തീയതി 10.09.2024) മറുപടിയോ പ്രോജക്ടിന്റെ ചെലവ് രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള കുറ്റകരമായ അനാസ്ഥയാണ്. ചെലവുരേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകളിലായി ആകെ ചെലവഴിച്ച ചെലവ് **₹17,17,820/-** തടസ്സപ്പെടുത്തുന്നു. ഓഡിറ്റിന് രേഖകൾ ഹാജരാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-33 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം -രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം - S0199/24(സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (ട്രി.എസ്.പി) | 60,000 | 60,000 |

| | | |
|---|---|---|
| തനത് ഫണ്ട് | 8,000 | 5,995 |
| ആകെ അടങ്കൽ | 68,000 | 65,995 |

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1) ബിൽ നം.2/23-24/21.11.23 തുക-60000

2) ചെക്ക് നം. 445443/26.03.24 തുക-5995

തുക പ്രോക്സിമ ട്രേഡ് ലിങ്ക്സ്, അവലുക്കുന്ന് പി.ഒ., ആലപ്പുഴയ്ക്ക് നൽകി.

വാങ്ങലിന്റെ വിവരം ചുവടെ കൊടുക്കുന്നു.(ഇൻവോയ്സ് നം.39/8.4.23)

| Sl.No | Item | Qty | Rate | Amount |
|---|---|---|---|---|
| 1 | Supreme Education Kit For High School Student | 10 | 2600 | 26,000 |
| 2 | Supreme Education Kit For L.P. School Student | 10 | 2400 | 24,000 |
| 3 | Supreme Education Kit For U.P School Student | 7 | 2285 | 15,995 |
| Total Amount | | | | 65,995 |

എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗത്തിലായി 27 വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. അപാകത ചുവടെ ചേർക്കുന്നു.

1) പഠനോപകരണങ്ങൾ കൈപ്പറ്റിയ 27 വിദ്യാർത്ഥികളോ രക്ഷിതാക്കളോ 7.11.23 ലെ 10(1) നം. തീരുമാനപ്രകാരം അംഗീകരിച്ച വ്യക്തിഗത ആനുകൂല്യം ലഭിക്കേണ്ടവരുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2) താഴെ ചേർക്കുന്ന വിദ്യാർത്ഥികൾ എസ്.ടി.വിഭാഗത്തിൽപ്പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖയില്ല.

1) ആദിദേവ് അനിൽ, ഇല്ലിക്കുളങ്ങരവെളി (ക്ലാസ് -1)

2) അതുൽകൃഷ്ണ, ഇല്ലിക്കുളങ്ങരവെളി (ക്ലാസ് -7)

3) ഹരിപ്രിയ, കുറുപ്പൻകുളങ്ങരകോളനി (ക്ലാസ് - 8)

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം. 12/07.09.24) മറുപടി ലഭ്യമാക്കിയില്ല. ചെലവിന്റെ ആധികാരികത ഉറപ്പാക്കുന്ന രേഖകളുടെ അഭാവത്തിൽ 65,995/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 എഫ്.എച്ച്.സി.യിലും സബ് സെന്ററുകളിലും ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ - രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം - S 0278/24

പ്രോജക്ടിന്റെപേര് - എഫ്.എച്ച്.സി.യിലും സബ് സെന്ററുകളിലും ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 12,01,000 | 29,382 |

17.02.24-ലെ SMC ALPY/P1/23-24/645 നം.ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ, സിഡ്കോയുടെ 00000057026853549നം. അക്കൌണ്ടിൽ 29,382/- രൂപ നൽകി(ബിൽ നം.362/04.03.24). ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Fridge 240 Ltr Double Door | 1 | 24900 | 24,900 |
| CGST 9% | | | 2,241 |
| SGST 9% | | | 2,241 |
| Total | | | 29,382 |

മേൽ ഇൻവോയ്സ് പ്രകാരം ഫ്രിഡ്ജ് ലഭ്യമായതിന്റെയും, സ്റ്റോക്കിൽ എടുത്തതിന്റെയും രേഖയില്ല. വിനിയോഗവിവരം ഇല്ല.വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/10.09.24) മറുപടി ലഭ്യമാക്കിയില്ല. 29,382/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവുതുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിലനിർത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-35 എഫ്.എച്ച്.സി.ക്ക് ആവശ്യമായ അധിക സൌകര്യം ഒരുക്കൽ - രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം - S 0213/24(സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - എഫ്.എച്ച്.സി.ക്ക് ആവശ്യമായ അധിക സൌകര്യം ഒരുക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 1,45,848 | 36,197 |

17.02.24-ലെ SMC ALPY/P1/23-24/646 നം.ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ, സിഡ്കോയുടെ 00000057026853549നം. അക്കൌണ്ടിൽ 36,197 രൂപ നൽകി(ബിൽ നം.361/04.03.24). ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Printer With Scanner And Photostat | 1 | 32,370 | 32,370 |
| CGST 9% | | | 2,913 |
| SGST 9% | | | 2,913 |
| Total | | | 36,197 |

മേൽ ഇൻവോയ്സ് പ്രകാരം പ്രിന്റർ ലഭ്യമായതിന്റെയും, സ്റ്റോക്കിൽ എടുത്തതിന്റെയും രേഖയില്ല. വിനിയോഗവിവരം ഇല്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.30/11.09.24) മറുപടി ലഭ്യമാക്കിയില്ല. 36,197/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രിന്റർ ലഭ്യമായതിന്റെയും സ്റ്റോക്കിൽ എടുത്തതിന്റെയും രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവുതുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിലനിർത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-36 മരുന്ന് വാങ്ങിയതിന്റെ രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0043/24

പ്രോജക്ടിന്റെപേര് - അതി ദരിദ്രർക്ക് മൈക്രോ പ്ലാൻ മരുന്ന് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2,50,000 | 99,244 |

ബിൽ നം.264/08.01.24 പ്രകാരം ജൻ ഔഷധി കേന്ദ്രയ്ക്ക് 99,244/- രൂപ നൽകിയിട്ടുണ്ട്.

പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്ര, ആലുങ്കലിന്റെ 24.01.24-ലെ 473036345 നം.ഇൻവോയ്സ് പ്രകാരം 18,332/- രൂപയുടെ 17 ഇനം മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

അപാകത ചുവടെ കൊടുക്കുന്നു.

1) 80,912/- രൂപയ്ക്കുള്ള (99244-18332) മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഇല്ല.

2) മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെയും, വിതരണം ചെയ്തതിന്റെയും രേഖയില്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.31/11.09.24) മറുപടി

ലഭ്യമാക്കിയില്ല. മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെയും, വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 80,912/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിലനിർത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 1-37 പാലിയേറ്റീവ് കെയർ - രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0035/24

പ്രോജക്ടിന്റെപേര് - പാലിയേറ്റീവ് കെയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 4,00,000 | 3,71,963 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,00,000 | 40,280 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2,00,000 | 0 |
| ആകെ അടങ്കൽ | 8,00,000 | 4,12,243 |

അപാകത ചുവടെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള 40,280/- രൂപയുടെയും, വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും ചെലവഴിച്ച 3,71,963/- രൂപയിൽ 18,840/- രൂപയുടെയും ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. വികസനഫണ്ടിൽ നിന്നുള്ള 3,53,123/- രൂപയുടെ (371963-18840) ചെലവ് രേഖകൾ ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.35/13.09.24) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 3,53,123/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിലനിർത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-38 എഫ്.എച്ച്.സി. മരുന്ന് വാങ്ങൽ - രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S 0036/24

പ്രോജക്ടിന്റെപേര് - എഫ്.എച്ച്.സി. മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2,09,800 | 2,09,318 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 10,90,200 | 8,89,990 |
| ആകെ അടങ്കൽ | 13,00,000 | 10,99,308 |

പ്രധാൻ മന്ത്രി ജൻ ഔഷധി കേന്ദ്ര, ആലുങ്കലിന്റെ 11.02.24-ലെ 473036352 നം.ഇൻവോയ്സ് പ്രകാരം 99,998/- രൂപയുടെ 15 ഇനം മരുന്നുകളും, 12.02.24-ലെ 473036365 നം.ഇൻവോയ്സ് പ്രകാരം 99,992/- രൂപയുടെ 4 ഇനം മരുന്നുകളും വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. പ്രസ്തുത ഇൻവോയ്സുകൾ പ്രകാരമുള്ള 1,99,990/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നുമാണ് നൽകിയിട്ടുള്ളത്.

(ബിൽ നം.58/23-24/06.03.24 തുക- 99998

ബിൽ നം.57/23-24/06.03.24 തുക- 99992)

അപാകത ചുവടെ ചേർക്കുന്നു.

1) വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും ചെലവഴിച്ച 2,09,318/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

2) മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും ചെലവഴിച്ച മുകളിൽ പരാമർശിച്ചതൊഴികെയുള്ള 6,90,000/- (889990- 199990)രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

3) മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.32/11.09.24) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ 8,99,318/-(209318 + 690000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 അതി ദരിദ്രർക്ക് മൈക്രോ പ്ലാൻ -മരുന്ന് വിതരണം - അപാകതകൾ

പ്രോജക്ട് നം - S 0163/24(സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - അതി ദരിദ്രർക്ക് മൈക്രോ പ്ലാൻ -മരുന്ന് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1,20,854 | 25,891 |

ചെലവ് വിവരം താഴെ ചേർക്കുന്നു.

1) ബിൽ നം.21/23-24/11.08.23 തുക- 15795

2) ബിൽ നം.32/23-24/09.10.23 തുക- 10096

നീതി മെഡിക്കൽ സ്റ്റോർ, ചേർത്തലയുടെ ബിൽ നം.11605/29.07.23 പ്രകാരം 20 ഇനം മരുന്നുകൾക്കായി 15,795/- രൂപയും, ബിൽ നം.17214/19.09.23 പ്രകാരം 10 ഇനം മരുന്നുകൾക്കായി 10,096/- രൂപയും ഉൾപ്പെടെ ആകെ 25,891/- രൂപ ചേർത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി.1688 ന്റെ 12391200100736 നം.അക്കൌണ്ടിൽ നൽകി.

അപാകത ചുവടെ കൊടുക്കുന്നു.

1) മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെയും, വിതരണം ചെയ്തതിന്റെയും രേഖയില്ല.

2) നീതി മെഡിക്കൽസിൽ നിന്നും മരുന്ന് വാങ്ങിയതിന്റെ വില ചേർത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി.1688 ന്റെ 12391200100736 നം.അക്കൌണ്ടിൽ നൽകി.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.31/11.09.24) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നത് വരെ 25,891/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 എഫ്.എച്ച്.സി.ലാബിലേക്ക് റീ ഏജന്റ്സ് വാങ്ങൽ - അപാകത

പ്രോജക്ട് നം - S 0037/24

പ്രോജക്ടിന്റെ പേര് - എഫ്.എച്ച്.സി.ലാബിലേക്ക് റീ ഏജന്റ്സ് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| | | |

| | | |
|---|---|---|
| മെയിന്ററനൻസ് ഗ്രാന്റ് (നോൺറോഡ്) | 75,000 | 74,721 |

സുലേഖ ചെലവ് പത്രിക പ്രകാരം 74,721/- രൂപയുടെ ചെലവുണ്ട്. ഹാജരാക്കിയ രേഖകളുടെ വിവരം താഴെ ചേർക്കുന്നു.

1) ബിൽ നം.33/23-24/09.10.23 തുക- 6653

പൾസ് ഡയഗനോസ്റ്റിക്സ് & സർജിക്കൽസിന്റെ കാനറ ബാങ്ക് അക്കൌണ്ട് നം.4100140001417-ൽ തുക നൽകി. ഇൻവോയ്സിന്റെ (PDS/4971/23-24/28.09.23) വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | CGST 6% | SGST6% | Total |
|---|---|---|---|---|---|
| ABX 3 Part Minidil LMG 10L-Horiba | 1 | 3960 | 237.6 | 237.6 | 4435.20 |
| ABX Yumizen &Pentra Cleaner 1L-Horiba | 1 | 1980 | 118.8 | 118.8 | 2217.60 |
| Total Amount | | | | | 6652.80 |

2) ബിൽ നം.16/23-24/27.07.23 തുക- 12197

പൾസ് ഡയഗനോസ്റ്റിക്സ് & സർജിക്കൽസിന്റെ കാനറ ബാങ്ക് അക്കൌണ്ട് നം.4100140001417-ൽ തുക നൽകി. ഇൻവോയ്സിന്റെ (PDS/3159/23-24/26.07.23) വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | CGST 6% | SGST6% | Total |
|---|---|---|---|---|---|
| ABX 3 Part Mini Dil LMG 10L-Horiba | 1 | 3960 | 237.6 | 237.6 | 4435.20 |
| ABX 3 Part Minilyse Bio 4L-Horiba | 1 | 4950 | 297 | 297 | 5544 |
| ABX Yumizen &Pentra Cleaner 1L-Horiba | | 1980 | 118.8 | 118.8 | 2217.60 |
| Total Amount | | | | | 12197 |

അപാകത ചുവടെ കൊടുക്കുന്നു.

1) 55,871/- രൂപയുടെ (74721-18850) ചെലവ് രേഖകൾ ഹാജരാക്കിയില്ല.

2) മേൽ ഇൻവോയ്സുകൾ പ്രകാരമുള്ളവ സ്റ്റോക്കിൽ എടുത്തതിന്റെയും, വിനിയോഗിച്ചതിന്റെയും രേഖയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.31/11.09.24) മറുപടി ലഭ്യമാക്കിയില്ല. ലാബിലേക്ക് റീ ഏജന്റ്സ് വാങ്ങിയത് സ്റ്റോക്കിൽ എടുത്തതിന്റെയും, വിനിയോഗിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പിൻവലിച്ച 55,871/- രൂപയുടെ ചെലവ് രേഖകൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിലനിർത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. മേൽക്കാരണത്താൽ 55,871/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 ഐ.കെ.എം. വിഹിതം - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S 0012/24

പ്രോജക്റ്റിന്റെപേര് - ഐ.കെ.എം. ന് അടയ്ക്കേണ്ട വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2,50,000 | 2,44,335 |

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്തൻകോട് പേർസണൽ ബാങ്കിംഗ് ശാഖയിലെ 57047023512 നം.അക്കൌണ്ടിൽ 2,44,335/- രൂപ നൽകി(ബിൽ നം.18/23-24/23.11.23). എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.09/07.09.24) മറുപടി ഹാജരാക്കിയില്ല. മേൽക്കാരണത്താൽ 2,44,335/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 എസ്.എസ്.എ.പദ്ധതി വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S0031/24

പ്രോജക്റ്റിന്റെ പേര് - എസ്.എസ്.എ.പദ്ധതി വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| | | |

| | | |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 6,50,000 | 6,15,285 |

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ബിൽ നം.1/23-24/18.11.23 തുക-6,15,285

ബ്ലോക്ക് റിസോഴ്സ് സെന്ററിന്റെ 1134101068442 നം.അക്കൌണ്ടിൽ(കാനറ ബാങ്ക്) 6,15,285/- രൂപ നൽകി. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (നം. 11/07.09.24) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 6,15,285/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം. - S0321/24

പ്രോജക്ടിന്റെ പേര് - കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 5,00,000 | 5,00,000 |

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ബിൽ നം.40/23-24/26.03.24 തുക-5,00,000

കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ തിരുവന്തപുരം എം.ജി.റോഡിലുള്ള എസ്.ബി.ഐ.ബ്രാഞ്ചിലെ 30809533211 നം.അക്കൌണ്ടിൽ 5,00,000/- രൂപ നൽകി. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറിക്ക്(നം. 10/07.09.24) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-44 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S0245/24

പ്രോജക്ടിന്റെ പേര് - ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| തനത് ഫണ്ട് | 5,00,000 | 1,61,932 |

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1) ചെക്ക് നം. 28430/27.10.23 തുക-1,55,097

2) ചെക്ക് നം. 445395/18.01.24 തുക- 6,835

വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 1,61,932/- രൂപ കെ.എസ്.ഇ.ബി., അർത്തുങ്കൽ സെക്ഷൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ചേർത്തല ബ്രാഞ്ചിലെ 67040376354 നം.അക്കൌണ്ടിൽ നൽകി. പ്രവൃത്തി പൂർത്തിയായതിന്റെ വിവരവും ധനവിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക്(നം. 42/13.09.24) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നതുവരെ 1,61,932/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്തിട്ടില്ല

പ്രോജക്ട് നം. - S 0296/24

പ്രോജക്ടിന്റെപേര് - സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സാധനം വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 4,00,000 | 73,120 |

എവർഷൈൻ, ചേർത്തല തെക്ക് എന്ന സ്ഥാപനത്തിന്റെ 22.02.24ലെ 6 നം. ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 73,120/- രൂപ നൽകി(ബിൽ നം.38/23-24/26.03.24). ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | CGST(9%) | SGST(9%) | Total |
|---|---|---|---|---|---|---|
| LED Panel(24w) | 56 | 237.29 | 13288.24 | 1195.94 | 1195.94 | 15,680 |
| Drive(24w) | 56 | 211.86 | 11864.16 | 1067.77 | 1067.77 | 14,000 |

| | | | | | | |
|---|---|---|---|---|---|---|
| Clamp | 30 | 135.59 | 4067.7 | 366.09 | 366.09 | 4,800 |
| Surgeprotection (10kv) | 56 | 254.24 | 14237.4 | 1281.37 | 1281.37 | 16,800 |
| Aluminium Wire | 84m | 220.34 | 18508.56 | 1665.7 | 1665.7 | 21,840 |
| | | | | | | 73,120 |

മേൽ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ലഭ്യമായതിന്റെയും, സ്റ്റോക്കിൽ എടുത്തതിന്റെയും രേഖയില്ല. സാധനങ്ങളുടെ വിനിയോഗവിവരം ഇല്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം.07/07.09.24) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ 73,120/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46 ബി.ഡി.എസ് (ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം) മുഖേനയുള്ള ചെലവിലെ അപാകത

ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ മെയിന്റനൻസ് ഫണ്ട് റോഡ് അപ്രോപ്രിയേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ റീത്താലയം പുണത്ത് റോഡ് പുനരുദ്ധാരണം (85/2024) എന്ന പ്രവർത്തിയുടെ ബിൽ തുക നൽകിയിട്ടുള്ളത് ബി.ഡി.എസ് മുഖേനയാണ്. എന്നാൽ ഇതിനായി രണ്ട് തവണ അപ്രോപ്രിയേഷൻ രജിസ്റ്ററിൽ ചെലവ് ബുക്ക് ചെയ്തിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | തീയതി | ബിൽ നം., തീയതി | അലോട്ട്മെന്റ് നം., തീയതി | തുക |
|---|---|---|---|---|
| 1 | 22.01.24 | 288/22.01.24 | 317/22.01.24 | 7,15,000/- |
| 2 | 27.01.24 | 312/27.01.24 | 329/27.01.24 | 7,15,000/- |

ഇത്തരത്തിൽ രണ്ട് തവണ ചെലവ് ബുക്ക് ചെയ്തത് വഴി ടി ഫണ്ടിലെ 25.03.24 ലെ നീക്കിയിരുപ്പ് തുക (-)2,37,620/- യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (38/13.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-47 നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തത്

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 5,00,000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ്

ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|
| 1 | എഫ്.എച്ച്.സി അറ്റകുറ്റപ്പണികൾ (91/23) പ്രവൃത്തിമൂല്യം - 614408/- ബിൽ നം. 244/9.5.24 | സെബാസ്റ്റ്യൻ ടി.എൽ. | 8,43,425 | 1687 |
| 2 | മത്സ്യഭവൻ ചുറ്റുമതിൽ നിർമ്മാണം (99/23) പ്രവൃത്തിമൂല്യം - 224370/- ബിൽ നം. 450/24.3.24 | രജീഷ് പി. | 2,46,448 | 493 |
| 3 | വിവിധ അങ്കണവാടികളുടെ നവീകരണം (193/23) പ്രവൃത്തിമൂല്യം - 858780/- ബിൽ നം. 4/14.08.23 | പി.ജെ.കുഞ്ഞപ്പൻ | 8,56,869 | 1714 |
| | ആകെ | | | 3894 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/13.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ട 3,894/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 1-48 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള ഫൈൻ കരാറുകാരനിൽ നിന്നും പൂർണ്ണമായും ഈടാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസ്സം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, പ്രവൃത്തി പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാന്വൽ - സെക്ഷൻ 2116.1 പ്രകാരം യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ ഇത്തരത്തിലുള്ള കോമ്പൻസേഷൻ ഈടാക്കാത്തത് മൂലം 6,748/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1.എഫ്.എച്ച്.സി അറ്റകുറ്റപ്പണികൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 91/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | സെബാസ്റ്റ്യൻ ടി.എൽ. |
| എം.ബുക്ക് | : | 75585/2022 |
| എഗ്രീഡ് പിഎസി | : | 8,43,425/- |
| പ്രവൃത്തി മൂല്യം | : | 6,14,408/- |
| ബിൽ നം. | : | 4,74,261/- (22-23)<br>244/9.5.24 |

9.12.2022-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 8.06.23-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 8.01.24 ലാണ്.

പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം - 214 ദിവസം (30ആഴ്ച)

ഈടാക്കേണ്ട കോമ്പൻസേഷൻ - 30 ആഴ്ച X 0.1 % നിരക്കിൽ = 3% 843425/- X 3% = 25,303/- രൂപ

ഈടാക്കിയത് = 18,555/-

കുറവ് = 25303 – 18555 = 6,748/-

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/13/09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ പലിശ ഇനത്തിൽ ഈടാക്കാൻ ശേഷിക്കുന്ന തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുക ഈടാക്കി അറിയിക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 1-49 തോടിന്റെ സൈഡ് കെട്ടുന്നതിന് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ്

ഇടത്തോടുകളുടെ സംരക്ഷണം എന്ന പ്രവർത്തി ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി ടെണ്ടർ ചെയ്താണ് കരാർ വെച്ച് പ്രവൃത്തി ചെയ്തിരിക്കുന്നത്. സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കെട്ടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്.

തസ്വഭവ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ 26.03.21-ലെ സർക്കലർ (നം. ഡിബി1/10690/2020/സി.ഇ/എൽ.ഐ.ഡി & ഇ ഡബ്ല്യു)പ്രകാരം റോഡു പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ടു വരുന്ന ഡ്രെയിൻ, കൾവെർട്ട്, സൈഡ് പ്രൊട്ടക്ഷൻ മുതലായ അനുബന്ധ പ്രവൃത്തികൾക്ക് MoRD സ്പെസിഫിക്കേഷനും, കെട്ടിടങ്ങൾക്കും അനുബന്ധപ്രവൃത്തികൾക്കും CPWD സ്പെസിഫിക്കേഷനും ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ റോഡുവർക്കുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശമനുസരിച്ചും റോഡുമായി ബന്ധപ്പെട്ടു വരുന്ന സൈഡ് പ്രൊട്ടക്ഷന് മാത്രമാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ തോടിന്റെ സൈഡ് വാൾ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് CPWD സ്പെസിഫിക്കേഷനിലാണ്. അപ്രകാരം ചെയ്യാതിരുന്നത് അധികച്ചെലവിനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഇടത്തോടുകളുടെ നവീകരണം (വാർഡ് 7 -12) |
| പ്രോജക്ട് നമ്പർ | S0015/23 |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW |
| കരാറുകാരൻ | തോമസ് ജോസഫ് |
| അളവു പുസ്തകം | E – എംബുക്ക് -79328/2022 |
| പ്രവൃത്തി മൂല്യം | 12,57,042/- |
| ചെലവു വിവരം | ബിൽ നം. 371/14.03.24 |

DSR 2018 കോസ്റ്റ് ഇൻഡക്സ് 41.53 %

| ഇനം / MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് | കരാറുകാരൻ ക്വോട്ടു ചെയ്ത നിരക്കും അനുവദിച്ച തുകയും | CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് | CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിൽ ചെയ്താൽ വരുന്ന തുക | അധിക ചെലവ് |
|---|---|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ (കോഡ് 11.1.1.1) 798.27/$M^3$ | 798/$M^3$ 37.713 $M^3$ @ 798 = 30095/- | 309.99/$M^3$ (കോഡ് 2.8.1) | 37.713 X 309.99 = 11691 | 18,404 |
| ഡി ആർ മേസനറി ( OD) 5456.25/$M^3$ | 5135/$M^3$ 105.045 $M^3$ @ 5135 = 539406/- | 3644.43/$M^3$ (കോഡ് 60.7.1) | 105.045$m^3$ X 3644.43 = 382829/- | 1,56,577 |
| | | ആകെ | | 1,74,981 |

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.40/13.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് ഇത്തരത്തിൽ അധികച്ചെലവുണ്ടായിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-50 പുല്ലംകുളം മിനി ഓഡിറ്റോറിയത്തിന് എക്സ്റ്റൻഷൻ - കരാറുകാരന് അധിക തുക നൽകി

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 102/23 |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | ബി.പ്രസാദ് |
| എം.ബുക്ക് | : | 107217/2022 |
| എഗ്രീഡ് പിഎസി | : | 20,27,016/- |
| പ്രവൃത്തി മൂല്യം | : | 23,91,879/- |
| ബിൽ നം. | : | 146/8.11.23 |

ടി പ്രവൃത്തിയിൽ എക്സ്.(1) ആയി Filling With Contractor's Own Earth……. എന്ന ഇനം 53.141 M3 ചെയ്തതിന് 1079.81 രൂപ/$M^3$ നിരക്കിൽ 57,382/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഇ.എം. ബുക്ക് പരിശോധിച്ചതിൽ ആകെ ഫില്ലിംഗ് അളവിൽ (65.188 M3) നിന്നും സൈറ്റിലുള്ള സ്റ്റെപ്പിന്റെ അളവായ 6.08 $M^3$ ഉം, കുഴിച്ചെടുത്തതിൽ ലഭ്യമായ 12.047 $M^3$ ഉം കുറവ് ചെയ്ത് ആകെ 47.061 $M^3$ ഫില്ലിംഗിനുള്ള തുകയാണ് നൽകേണ്ടിയിരുന്നത്. എന്നാലിതിനു പകരം സ്റ്റെപ്പിന്റെ അളവ് കുറവ് ചെയ്യാതിരുന്നത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

അനുവദനീയമായ തുക - 47.061 $M^3$ X 1079.81 = 50817/-

നൽകിയ തുക - 57382/-

അധികം നൽകിയത് - 6565/- + 18% GST = 7,747/- രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41/13.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-51 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ

1) ഹരിത കർമ്മ സേനയുടെ പ്രസക്തിയും ലക്ഷ്യവും

ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മണ്ണ്, ജലം, വായു എന്നിവയുടെ വൃത്തിയും ശുചിത്വവും നിലനിർത്തേണ്ടതും പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ശാസ്ത്രീയ ശുചിത്വമാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തൊട്ടാകെ അതിരൂക്ഷമായ രീതിയിൽ

വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുന്നതിലൂടെ മാലിന്യപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കുകയും, അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

2) ഹരിത കർമ്മ സേനയുടെ പ്രവർത്തനം

2017 ഒക്ടോബർ മാസമാണ് ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന പ്രവർത്തനം തുടങ്ങിയത്. ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലുമായി നിലവിൽ 44 ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളായി റൊട്ടേഷൻ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഓരോ വാർഡിലും സ്ഥാപിച്ചിട്ടുള്ള 2 എം.സി.എഫ്.കളിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനി, പ്ലാനറ്റ് എർത്ത് എന്നീ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ചുമത്തി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ., കുടുംബശ്രീ ചെയർപേഴ്സൺ, മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

3) പരിശീലനം ലഭിച്ചതിന്റെ വിവരം

ഹരിത കർമ്മ സേനയുടെ രൂപീകരണ സമയത്ത് പ്ലാസ്റ്റിക് സമൂഹത്തിന് ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ, ഇവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയിൻ, ജൈവ - അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുക എന്നിവയുമായി ബന്ധപ്പെട്ട് 3 ദിവസത്തെ പരിശീലനം നൽകിയിരുന്നു. പിന്നീട് നാളിതുവരെ മാലിന്യ ശേഖരണ, സംസ്കരണവുമായി ബന്ധപ്പെട്ട് പരിശീലനമൊന്നും തന്നെ ലഭിച്ചിട്ടില്ല.

4) മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആകെ 10908 വീടുകളും 973 വ്യാപാര സ്ഥാപനങ്ങളുമുണ്ട്. ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം മിക്ക വീടുകളും സ്ഥാപനങ്ങളും തന്നെ യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. സ്ഥിരമായി സഹകരിക്കാത്ത വീടുകളോ സ്ഥാപനങ്ങളോ ഇല്ല.

2023-24 വർഷം 74,29,250/- രൂപ യൂസർ ഫീ കളക്ഷനായി ലഭിച്ചിട്ടുണ്ട്. ഓരോ മാസവും ഏകദേശം 7 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ വേർതിരിക്കുന്നു. മരുന്ന് സ്ട്രിപ്പുകൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനി, പ്ലാനറ്റ് എർത്ത് എന്നിവയ്ക്ക് നല്കിയിട്ടുണ്ട്. തെർമോകോൾ, കുപ്പി, ചില്ല് മാലിന്യങ്ങൾ, ട്യൂബ്ലൈറ്റ്, സി.എഫ്.എൽ., ബാറ്ററി എന്നിവ നിലവിൽ ശേഖരിക്കുന്നില്ല. ചെരുപ്പ്, ബാഗ് എന്നിവ ശേഖരിച്ച് 2024 ആഗസ്റ്റ് മുതൽ ശേഖരിക്കുന്നുണ്ട് . ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് 37.140 ടൺ മാലിന്യം നല്കിയതുവഴി ലഭിച്ച വാർഷിക വരവ് 1,04,214/- രൂപയും 27.145 ടൺ മാലിന്യം നല്കിയതുവഴി പ്ലാനറ്റ് എർത്ത് -ൽ നിന്നും ലഭിച്ചത് 1,92,583/- രൂപയുമാണ്.

5) <u>ലെഗസി വേസ്റ്റുകളുടെ നിർമ്മാർജ്ജനം</u>

ഹരിത കർമ്മ സേന ശേഖരിക്കുന്ന, പുനരുപയോഗിക്കുവാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) പൊടിച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നേരിട്ട് നല്കി വരുന്നു.

6) <u>മാലിന്യ നീക്കത്തിന് അടിസ്ഥാന സൗകര്യങ്ങൾ</u>

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തൊട്ടടുത്തുള്ള താല്ക്കാലിക സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ ഒരു ട്രോളിവീതം പഞ്ചായത്ത് നല്കിയിട്ടുണ്ട്. 2023-24 വർഷം വാർഡ്തല എം.സി.എഫുകളിൽനിന്നും മാലിന്യനീക്കത്തിന് ആവശ്യമായ ദിവസങ്ങളിൽ വാഹനം വാടകയ്ക്കെടുത്താണ് മാലിന്യനീക്കം നടത്തിയിട്ടുള്ളത്. വാഹനം വാങ്ങുന്നതിനായി 2024-25 സാമ്പത്തികവർഷം പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾ ഡ്രൈവിംഗ് ലൈസൻസ് നേടി പരിശീലിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലും 2 മിനി എം സി എഫ് സംവിധാനം നിലവിൽ ഉണ്ട്.

7) <u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ</u>

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം 7 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. മാലിന്യങ്ങൾ 3-ാം വാർഡിലുള്ള മണ്ണുകുഴി എന്ന സ്ഥലത്തുള്ള എം.സി.എഫ്. -ൽ ശേഖരിച്ച് സൂക്ഷിക്കുന്നു. എം.സി.എഫ്.കേന്ദ്രത്തിന് ആവശ്യമായ സ്ഥലസൌകര്യമുണ്ട്.

8) <u>ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം</u>

പഞ്ചായത്തിലെ 44 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതസേനയുടെ ദൈനദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക്

മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിൻറെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസി.സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. ഹരിത കർമ്മ സേന അംഗങ്ങളായ ശ്രീമതി രശ്മി, ശ്രീമതി നിഷ എന്നിവരാണ് കൺസോർഷ്യത്തിന്റെ നിലവിലെ പ്രസിഡന്റും സെക്രട്ടറിയും. ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം സംബന്ധിച്ച് 2023-24 വർഷം ഏകദേശം 12 അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൺസോർഷ്യത്തിനായി പ്രത്യേക ഓഫീസ് സംവിധാനം ക്രമീകരിച്ചിട്ടുണ്ട്.
ഹരിതകർമ്മസേന ഹാജരാക്കിയ കണക്കുപ്രകാരം ആകെയുള്ള വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണം പ്രകാരം ആകെ ആകെ ലഭ്യമാകേണ്ട യൂസർഫീയുടെ 96.32% തുകയും തൻവർഷം ലഭിച്ചിട്ടുണ്ട്. ആകെ വരവ് 77,26,047/- രൂപയും ആകെ ചെലവ് 76,29,009/- രൂപയുമാണ്. ഹരിതകർമ്മസേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 10,556/- രൂപ വേതനം ലഭിക്കുന്നു. കൂടാതെ ഓണസമയത്ത് ബോണസും നല്കിയിട്ടുണ്ട്. ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ട്. കൺസോർഷ്യത്തിൽ 31.3.2024ൽ 15,61,098/- രൂപയും 31.08.2024-ൽ 18,52,970/- രൂപയും നീക്കിയിരിപ്പുണ്ട്.

<u>9) കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണിറ്റുകൾ</u>

നിലവിൽ മറ്റു സംരംഭക പ്രവർത്തനങ്ങൾ ഒന്നും തന്നെ തുടങ്ങിയിട്ടില്ല.

<u>10) ഓഡിറ്റിന്റെ നിഗമനം / ശുപാർശ</u>

A) പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രത്സാഹിപ്പിക്കുക. കൺസോർഷ്യത്തിന്റെ കീഴിൽ ഇത്തരം ക്യാരി ബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
B) ശുചിത്വ മിഷന്റെ വാർഷിക കലണ്ടർ പ്രകാരം ഓരോ മാസവും കൃത്യമായ ഇടവേളകളിൽ എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുക.
C) പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക.
D) ഇനോക്കുലം നിർമ്മാണം, വിതരണം, മറ്റു സംരംഭക പ്രവർത്തനങ്ങൾ എന്നിവവഴി അധികവരുമാനം നേടുന്നതിനും ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും സഹായകരമാകും.
മേൽ നടപടികളിലൂടെ ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും

നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

**1-52 ഹരിതകർമ്മസേനയുടെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ വൻതുക സ്ഥിരനിക്ഷേപമാക്കുന്നത് വരുമാനവർദ്ധനവിന് സഹായകരമാകും**

ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ട്. കൺസോർഷ്യത്തിന്റ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ 31.3.2024-ൽ 15,61,098/- രൂപയും 31.08.2024 ൽ 18,52,970/- രൂപയും നീക്കിബാക്കിയുണ്ട്. മേൽ തുക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ നിന്നും ഹരിതകർമ്മസേനയുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ സ്ഥിരനിക്ഷേപം ആക്കുന്നതിലൂടെ പലിശയിനത്തിൽ നല്ലൊരു തുക ലഭ്യമാകുന്നതും ആയത് ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനവർദ്ധനവിനും ഉപകരിക്കുന്നതുമായിരിക്കും.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 പാലിയേറ്റീവ് കെയർ പദ്ധതി -ആയുർവേദം അരികെ - സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു**

| | |
|---|---|
| പ്രോജക്ട് നം. | എസ്.0184/24 & എസ്.0240/24 S.O |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പദ്ധതി – ആയുർവേദം അരികെ |
| അടങ്കൽ | ₹10,00,00.00-വികസന ഫണ്ട് -ജനറൽ (എസ്.0184/24) |

| | |
|---|---|
| | ₹1,51,072.00-വികസന ഫണ്ട് -ജനറൽ (എസ്.0240/24 S.O) |
| ചെലവ് വിവരം | ₹7,54,145.00 -വികസന ഫണ്ട് -ജനറൽ (എസ്.0184/24)<br>₹1,51,072.00 -വികസന ഫണ്ട് -ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫിസർ (ആയുർവേദം) ഗ്രാമപഞ്ചായത്ത് |

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ കിടപ്പുരോഗികൾക്ക് സാന്ത്വനപരിചരണം (ആയുർവേദ ചികിത്സ) നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടുകൾ വഴി 2023-24 സാമ്പത്തിക വർഷം ₹9,05,217 ചെലവഴിച്ചിട്ടുണ്ട്. സാന്ത്വന പരിചരണത്തിനായി കരാറടിസ്ഥാനത്തിൽ നിയമിച്ച മെഡിക്കൽ ഓഫീസർ, പഞ്ചകർമ്മ തെറാപ്പിസ്റ്റ് എന്നിവരുടെ വേതനം, വാഹനച്ചെലവ് എന്നീയിനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് മാർഗരേഖ (സർക്കാർ ഉത്തരവ് നമ്പർ 115/2022 DTD 28.05.2022) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയുർവേദ പാലിയേറ്റീവ് കെയർ പദ്ധതി പ്രസ്തുത മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ പ്രോജക്ട് നടത്തുന്നതിന് പ്രത്യേകാനുമതിയ്ക്കായി ഗ്രാമപഞ്ചായത്ത് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് അപേക്ഷ നല്കിയിരുന്നു. പാലിയേറ്റീവ് പ്രവർത്തനത്തിന് ആയുർവേദരീതി മാത്രം അനുവർത്തിക്കാവുന്നതല്ലായെന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനവുമായി ചേർന്ന് ഈ സേവനം നല്കാൻ നിർദേശിച്ചുകൊണ്ടും കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 08.03.2023-ലെ 4-93 നമ്പർ തീരുമാനപ്രകാരം പ്രത്യേകാനുമതിയ്ക്കുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്. സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവദിനീയമല്ല, ചെലവുകൾക്കുള്ള പ്രത്യേകാനുമതി കോ-ഓർഡിനേഷൻ കമ്മറ്റി നിരസിച്ചു എന്നീ കാര്യങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിലും 2023-24 സാമ്പത്തിക വർഷം എസ്.0184/24 & എസ്.0240/24 S.O എന്നീ രണ്ട് പ്രോജക്ടുകളിലായി യഥാക്രമം ₹7,54,145/-യും ₹1,51,072 യും ഉൾപ്പടെ ആകെ ₹9,05,217/-കരാർ ജീവനക്കാരുടെ വേതനം, വാഹന വാടക എന്നീയിനങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. കോർഡിനേഷൻ കമ്മിറ്റി മിനിട്ട്സിൽ പ്രോജക്ടിലെ മൂന്നു മാസത്തെ ചെലവിനുള്ള തുക സ്പോൺസർഷിപ്പുവഴി കണ്ടെത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രോജ്ക്ട് പ്രകാരമുള്ള ചെലവുകൾക്ക് പ്രത്യേകാനുമതി നല്കണമെന്നുള്ള

അപേക്ഷ 08.03.2023-ൽ കോ-ഓർഡിനേഷൻ കമ്മിറ്റി നിരസിച്ചിട്ടുള്ളതിനാലും പ്രോജക്ട് പ്രകാരമുള്ള ചെലവിന് നാളിതുവരെ സർക്കാർ സാധൂകരണം ലഭ്യമായിട്ടില്ലാത്തതിനാലും സർക്കാർ അനുമതിയില്ലാതെ വീണ്ടും ഇതേ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി 06.09.2024) നൽകിയ മറുപടിയിൽ പ്രോജക്ടിന് സർക്കാർ സാധൂകരണം, പ്രത്യേകാനുമതി എന്നിവ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ചെലവഴിച്ച ₹9,05,217/- യുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് ഓഫീസ് വാഹന വാടക – കരാർ എടുത്തവരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 226/23 |
| പ്രോജക്ടിന്റെ പേര് | : | എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് ഓഫീസ് വാഹന വാടക |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് വിവരം | : | 2,50,600/- |
| ബിൽ നം. | : | (7/2023 മുതൽ 2/2024 വരെയുള്ള മാസങ്ങളിലെ വിവിധ ബില്ലുകൾ) |

`ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായുള്ള പദ്ധതിയ്ക്കായി ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.മഹിദ് ആർ. എന്നയാളുടെ ക്വട്ടേഷൻ (കാർ പ്രതിമാസം 35,800- രൂപ) അംഗീകരിക്കുകയും 06/2023 മുതൽ 10/2023 വരെയുള്ള 5 മാസത്തേയ്ക്ക് 1,79,000/- രൂപ ടിയാൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ ഒഴിവാക്കുകയും, ശ്രീ.സുന്ദരേശൻ എന്നയാളുമായി നിയമാനുസരണം കരാർ ചമച്ച് (പ്രതിമാസം 35,800/- രൂപ) 01/24, 02/24 എന്നീ മാസങ്ങളിലേയ്ക്ക് 71,600/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ടി വ്യക്തികളിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയിട്ടില്ല. ടി വ്യക്തികളിൽ നിന്നും 1% നിരക്കിൽ യഥാക്രമം 1790/-, രൂപയും 716/- രൂപയും ഉൾപ്പെടെ 2,506/-രൂപ ആദായ നികുതി ഇനത്തിൽ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/13.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

**3-3 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല**

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരണ കാലതാമസ്സത്തിനുള്ള ഫൈൻ കരാറുകാരനിൽ നിന്നും പൂർണ്ണമായും ഈടാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസ്സം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, പ്രവൃത്തി പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാന്വൽ - സെക്ഷൻ 2116.1 പ്രകാരം യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ ഇത്തരത്തിലുള്ള കോമ്പൻസേഷൻ ഈടാക്കാത്തത് മൂലം 6,748/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1.എഫ്.എച്ച്.സി അറ്റകുറ്റപ്പണികൾ

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 91/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | സെബാസ്റ്റ്യൻ ടി.എൽ. |
| എം.ബുക്ക് | : | 75585/2022 |
| എഗ്രീഡ് പിഎസി | : | 8,43,425/- |
| പ്രവൃത്തി മൂല്യം | : | 6,14,408/- |
| ബിൽ നം. | : | 4,74,261/- (22-23) |

| | |
|---|---|
| | 244/9.5.24 |

9.12.2022-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 8.06.23-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 8.01.24-ലാണ്.

പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസ്സം - 214 ദിവസം (30ആഴ്ച)

ഈടാക്കേണ്ട കോമ്പൻസേഷൻ - 30 ആഴ്ച X 0.1 % നിരക്കിൽ = 3% 843425/- X 3% = 25,303/- രൂപ

ഈടാക്കിയത് = 18,555/-

കുറവ് = 25303 – 18555 = 6,748/-

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/13/09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ പലിശ ഇനത്തിൽ ഈടാക്കാൻ ശേഷിക്കുന്ന തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - തുക അധികം നൽകി

പ്രോജക്ട് നം - S 0191/24(സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 3,21,246 | 0 |
| തനത് ഫണ്ട് | 3,21,246 | 2,50,783 |
| ആകെ അടങ്കൽ | 6,42,492 | 2,50,783 |

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിന് വേതനം നൽകുന്നതിന് ലക്ഷ്യമിട്ട സ്പിൽ ഓവർ പ്രോജക്ട്. 09.01.24 ലെ റീ ടെൻഡർ പ്രകാരം എവർഷൈൻ, ചേർത്തല തെക്ക് എന്ന സ്ഥാപനത്തിന്റെ പോസ്റ്റ് 1 ന് 185 രൂപ പ്രകാരമുള്ള നിരക്ക് അംഗീകരിച്ചു(09.01.24 ലെ തീരുമാനം നം.2). സ്ഥാപനം സമർപ്പിച്ച ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl.No. | Invoice No./Date | Item | Qty | Rate | Amount | CGST(9%) | SGST(9%) | Total | Cheque No./Date |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 12/ 15.09.23 | Labour Charge | 70 | 169.49 | 11864.3 | 1067.78 | 1067.78 | 14000 | 445418/28.02.24 |
| 2 | 8/23.05.23 | Labour Charge | 75 | 169.49 | 12711.75 | 1144.05 | 1144.05 | 15000 | 445416/ 28.02.24 |
| 3 | 4/24.03.23 | Labour Charge | 67 | 169.49 | 11355.83 | 1022.02 | 1022.02 | 13400 | 445419/ 28.02.24 |
| 4 | ഹാജരാക്കിയില്ല | Labour Charge | 91 | 169.49 | 15423.59 | 1388.12 | 1388.12 | 18200 | 445417/ 28.02.24 |

ടെൻഡറിൽ ടാക്സ് ഉൾപ്പടെ വേതനമിനത്തിൽ 185 രൂപ കാട്ടി ചെയ്ത സ്ഥാപനത്തിന് 200 രൂപ നിരക്കിൽ തുക അനുവദിച്ച് നൽകിയതുമൂലം ഉണ്ടായ അധികചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 1 | 70X200 = 14000 | 70X185 = 12950 | 1,050 |
| 2 | 75X200 = 15000 | 75X185= 13875 | 1,125 |
| 3 | 67X200 = 13400 | 67X185 = 12395 | 1,005 |
| 4 | 91X200 = 18200 | 91X185 = 16835 | 1,365 |
| ആകെ അധികം നൽകിയ തുക | | | 4,545 |

അനുബന്ധ സാധനങ്ങൾക്കായി എവർഷൈൻ, ചേർത്തലയ്ക്ക് തുക നൽകിയതിന് ഹാജരാക്കിയ ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | തുക | ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | 11/15.09.23 | 44,125 | 445418/28.02.24 |
| 2 | 5/31.03.23 | 47,225 | 445416/ |

| | | | |
|---|---|---|---|
| | | | 28.02.24 |
| 3 | 3/24.03.23 | 41,830 | 445419/ 28.02.24 |
| 4 | ഹാജരാക്കിയില്ല | 57,003 | 445417/ 28.02.24 |
| ആകെ | | 1,90,183 | |

അപാകത ചുവടെ ചേർക്കുന്നു.

1) 4,545/- രൂപ ലേബർ ചാർജിനത്തിൽ അധികം നൽകി.

2) എവർഷൈൻ, ചേർത്തലയ്ക്ക് വേണ്ടി ബിജു ബി., തോട്ടത്തിലുമായി കരാർ ചമച്ചിട്ടില്ല. ബിജു ബി. യുടെ പേരിലുള്ള രൂപയുടെ കരാർ വ്യവസ്ഥകളൊന്നും രേഖപ്പെടുത്താത്ത ശൂന്യമായ മുദ്രപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

3) അനുബന്ധ സാധനങ്ങൾക്കായി മേൽ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം ഇല്ല. സാധനങ്ങളുടെ വിനിയോഗവിവരം ഇല്ല.

4) 18,200/- രൂപയുടെ ലേബർ ചാർജിനത്തിലും, 57,003/- രൂപയുടെ അനുബന്ധ സാധനങ്ങൾക്കായും തുക നൽകിയതിന് ആധാരമായ ഇൻവോയ്സുകൾ ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/13.09.24) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 57,003/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധികം നൽകിയ 4,545/- രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-5 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് വേതനം നൽകൽ - തുക അധികം നൽകി

പ്രോജക്ട് നം. - S 0297/24

പ്രോജക്ടിന്റെപേര് - സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വേതനം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 3,00,000 | 19,200 |

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിന് വേതനം നൽകുന്നതിന് ലക്ഷ്യമിട്ട പ്രോജക്ട്. 09.01.24 ലെ റീ ടെൻഡർ പ്രകാരം എവർഷൈൻ, ചേർത്തല തെക്ക് എന്ന സ്ഥാപനത്തിന്റെ പോസ്റ്റ് 1 ന് 185 രൂപ പ്രകാരമുള്ള നിരക്ക് അംഗീകരിച്ചു(09.01.24 ലെ തീരുമാനം നം.2). സ്ഥാപനം സമർപ്പിച്ച 22.02.24 ലെ ടാക്സ് ഇൻവോയ്സ് നം.7 പ്രകാരം ലേബർ ചാർജിനത്തിൽ 19,200/- രൂപ നൽകി.(ബിൽ നം.39/23-24/26.03.24 തുക-19200). ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Particulars | Qty | Rate | Amount |
|---|---|---|---|
| Labour | 80 | 203.39 | 16271.2 |
| CGST(9%) | | | 1464.41 |
| SGST(9%) | | | 1464.41 |
| TOTAL | | | 19200 |

ടെൻഡറിൽ ടാക്സ് ഉൾപ്പടെ വേതനമിനത്തിൽ 185 രൂപ കിോട്ട് ചെയ്ത സ്ഥാപനത്തിന് 240 രൂപ നിരക്കിൽ തുക അനുവദിച്ച് നൽകിയതുമൂലം ഉണ്ടായ അധികചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

നൽകിയ തുക = 80X240 = 19200

നൽകാവുന്ന തുക =80X185 = 14800

അധികം നൽകിയ തുക = 19200 – 14800 = 4400

4,400/- രൂപ അധികം നൽകി.

എവർഷൈൻ, ചേർത്തലയ്ക്ക് വേണ്ടി ബിജു.ബി,തോട്ടത്തിലുമായി കരാർ ചമച്ചിട്ടില്ല. ബിജു ബി. യുടെ പേരിലുള്ള രൂപയുടെ കരാർ വ്യവസ്ഥകളൊന്നും രേഖപ്പെടുത്താത്ത ശൂന്യമായ മുദ്രപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/07.09.24) മറുപടി ലഭ്യമാക്കിയില്ല. 4,400/- രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

**3-6 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് -അധികച്ചെലവും ജി.എസ്.ടി. ഈടാക്കിയിട്ടുമില്ല**

ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് (പ്രോജക്ട് നം.S0091/24) എന്ന പ്രോജക്ട്.

| അടങ്കൽ | ചെലവ് |
|---|---|
| 2399000/- | 14,99,959 |

| | |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| 101000/-തനത് ഫണ്ട് | 0 |
| 833000 (ഗുണഭോക്തൃവിഹിതം) | 3,22,400 |
| ആകെ 33,33,000/- | 18,22,359 |

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ പ്രോജക്ടിനായി 500 ലിറ്ററിന്റെ 334 വാട്ടർ ടാങ്കുകൾക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ താഴെപ്പറയും പ്രകാരം സ്ഥാപനങ്ങൾ നിരക്ക് കോട്ട് ചെയ്ത് പ്രാഥമിക കരാർ വച്ചിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | നിരക്ക് (നികുതി ഉൾപ്പെടെ) |
|---|---|---|
| 1 | AB Enterprises | 2497 |
| 2 | South In | 2199 |
| 3 | Nasar.K.P. | 3490 |
| 4 | RaidcoKerala Ltd | 2382 |
| 5 | Tritech Traders | 2494 |
| 6 | Proxima | 2275 |
| 7 | Socio Economic Unit Foundation | 3850 |

1) ഓഡിറ്റിൽ ഹാജരാക്കിയ ഫയൽ പ്രകാരം ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള പല സ്ഥാപനങ്ങളുടെയും ക്വട്ടേഷന്റെയൊപ്പം വിവിധ ഗുണനിലവാര നിർണ്ണയ ഏജൻസികൾ നല്കിയിട്ടുള്ള സർട്ടിഫിക്കറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 5.1.24 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം AB Enterprises എന്ന സ്ഥാപനത്തിന്റെ വാട്ടർ ടാങ്ക് വാങ്ങിയത് Centre For Biopolymer Science And Technology (A Unit Of CIPET-Government Of India) എന്ന സ്ഥാപനത്തിൽ ഗുണമേന്മാ പരിശോധന നടത്തിയ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണെന്നാണ് ഫിഷറീസ് ഇൻസ്പെക്ടർ അറിയിച്ചത്.

2) ഒന്നിന് 4,000/- രൂപ നിരക്കിൽ 833 ടാങ്കുകൾ വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. 334 വാട്ടർ ടാങ്കുകൾ വാങ്ങുന്നതിനാണ് കരാർ ക്ഷണിച്ചിരുന്നതെങ്കിലും അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ 01/2024/6.2.24 കത്ത് പ്രകാരം 600 എണ്ണത്തിനാണ് AB Enterprises ന് സപ്ലൈ ഓർഡർ നല്കിയിട്ടുള്ളത്. എന്നാൽ ഇൻവോയ്സുകൾ, വിതരണ രജിസ്റ്റർ എന്നിവ പ്രകാരം 821 എണ്ണമാണ്

വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. വാങ്ങിയിട്ടുള്ള വാട്ടർ ടാങ്കുകളുടെ ഇൻവോയ്സ് നമ്പരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | ടാങ്കുകളുടെ എണ്ണം | ബിൽ തുക |
|---|---|---|---|
| 1 | AB-63/13.2.24 | 40 | 97,880 |
| 2 | AB-65/14.2.24 | 40 | 97,880 |
| 3 | AB-66/15.2.24 | 40 | 97,880 |
| 4 | AB-81/11.3.24 | 200 | 4,89,398 |
| 5 | AB-82/12.3.24 | 200 | 4,89,398 |
| 6 | AB-87/21.3.24 | 250 | 6,11,747 |
| 7 | AB-99/27.3.24 | 51 | 1,24,796 |
| Total | | 821 | 20,08,979 |

തുക നല്കിയതിന്റെ വിശദാംശം

| ക്രമ നം. | EGram Swaraj വൌച്ചർ നം./ തനത് ഫണ്ട് ചെക്ക് നം. | തുക |
|---|---|---|
| 1 | ചെക്ക് നം.445430/15.3.24 | 24,800 |
| 2 | XVFC/2023-24/P/66 – 216750/- | 2,19,240 |
| 3 | ചെക്ക് നം.445429/15.3.24 | 49,600 |
| 4 | ചെക്ക് നം.109569/25.3.24 | 1,24,000 |
| 5 | XVFC/2023-24/P/75 – 361251/- | 3,65,398 |
| 6 | XVFC/2023-24/P/76 – 361251/- | 3,65,398 |
| 7 | XVFC/2023-24/P/79 – 451563/- | 4,56,747 |
| 8 | XVFC/2023-24/P/87 – 92118/- | 93,176 |
| 9 | ചെക്ക് നം.109570/25.3.24 | 1,24,000 |
| Total | | 18,22,359 |

ബാക്കി നല്കാനുള്ള തുക 2023-24 വർഷം Q Bill ആയിട്ടുണ്ട്.
3) സ്ഥാപനത്തിന്റെ ബിൽ തുകയിൽ നിന്നും ജി.എസ്.ടി. റ്റി.ഡി.എസ്.(2%) ആയി ഈടാക്കേണ്ട 34,050/- രൂപ (2073.72x821=1702524x2%) ഈടാക്കിയിട്ടില്ല.

4) മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയ സമയത്തുതന്നെ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം.275/24 – എസ്.ടി- കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എന്ന പ്രോജക്ടിൽ ഇതേ സ്ഥാപനത്തിൽ നിന്നും ഇതേ മോഡൽ വാട്ടർടാങ്ക്(Selzer Polymers ന്റെ ECOSEL മോഡൽ) 40 എണ്ണം വാങ്ങിയിട്ടുള്ളത് 2,350/- രൂപ നിരക്കിലാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് പ്രോജക്ടിലും എസ്.ടി- കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എന്ന പ്രോജക്ടിലുമായി വാട്ടർ ടാങ്കുകൾ വിതരണം ചെയ്തിട്ടുള്ളത് സ്ഥാപനത്തിന്റെ തുടർച്ചയായ ഇൻവോയ്സുകൾ പ്രകാരമാണ്. അതായത് AB-81/11.3.24, AB-82/12.3.24 എന്നീ ഇൻവോയ്സുകൾ പ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്തത് 2,447/- രൂപ നിരക്കിലും എസ്.ടി.കുടുംബങ്ങൾക്ക് മേൽ ഇൻവോയ്സിന്റെ അടുത്ത ഇൻവോയ്സായ AB-83/13.3.24 പ്രകാരം വിതരണം ചെയ്തിട്ടുള്ളത് 2,350/- രൂപ നിരക്കിലുമാണ്. തുടർന്നുള്ള ഇൻവോയ്സുകളിലും വർദ്ധിച്ച നിരക്കിലാണ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം ചെയ്തിട്ടുള്ളത്. അതായത് 40 എണ്ണം വാങ്ങിയപ്പോൾ 2,350/- രൂപ നിരക്കിലും 821 എണ്ണം വാങ്ങിയപ്പോൾ 2,447/- രൂപ നിരക്കിലും വിതരണം നടത്തിയതുമൂലം ഒന്നിന് 97/- രൂപ നിരക്കിൽ 821 എണ്ണത്തിനായി 79,637/-രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/9.9.24) ആദ്യം ഗുണഭോക്താക്തൃവിഹിതം അടവാക്കിയ 600 പേർക്കും പിന്നീട് ഗുണഭോക്താക്കൾ കൂടിയതിനാൽ കൂടുതൽ വാട്ടർ ടാങ്കുകൾക്ക് സപ്ലൈ ഓർഡർ നല്കുകയുമാണുണ്ടായത് എന്നും അസി. സെക്രട്ടറി നടത്തിയ എസ്.ടി- കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എന്ന പ്രോജക്ടിനു മുമ്പാണ് മത്സ്യത്തൊഴിലാളികൾക്ക് വാട്ടർടാങ്ക് എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതെന്നും Sample പരിശോധന നടത്തി എല്ലാ കമ്പനികളുമായി നെഗോസിയേഷൻ കത്ത് നല്കിയതിനുശേഷമാണ് AB എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതെന്നും ഇതിനുശേഷം അസിസ്റ്റന്റ് സെക്രട്ടറി നടത്തിയ പ്രോജക്ടിനെക്കുറിച്ച് അറിവില്ല എന്നും വാട്ടർടാങ്ക് പദ്ധതിയിൽ നെഗോസിയേഷൻ നടത്തുന്നതിന് എല്ലാവരോടും ഫോണിൽ നേരിട്ട് വിളിച്ച് പറഞ്ഞിട്ടുള്ളതുമാണെന്നാണ് ഫിഷറീസ് സബ് ഇൻസ്പെക്ടർ മറുപടി ലഭ്യമാക്കിയത്.

വില താരതമ്യപത്രികപ്രകാരം 334 ടാങ്കുകൾക്കാണ് ക്വട്ടേഷൻ ക്ഷണിച്ചിരുന്നതെങ്കിലും പ്രോജക്ടിൽ നിർണ്ണയിച്ചിരുന്ന വിലയിലും കുറഞ്ഞനിരക്കിൽ ടാങ്കുകൾ ലഭ്യമായതിനാൽ പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ അധികരിക്കാതെ കൂടുതൽ ടാങ്കുകൾ വാങ്ങുവാൻ കഴിഞ്ഞു.

ടാങ്ക് വാങ്ങിയ സ്ഥാപനം 2024 മാർച്ച് മാസം ആകെ അടവാക്കിയ ജി.എസ്.ടി. സ്റ്റേറ്റ്മെന്റാണ് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. മേൽ വാങ്ങലിന്റെ ജി.എസ്.ടി. അടവാക്കിയ വിശദമായ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ജി.എസ്.ടി. റ്റി.ഡി.എസ്.(2%) ആയി ഈടാക്കേണ്ട 34,050/- രൂപയുടെ (2073.72x821=1702524x2%) ചെലവ് തടസ്സപ്പെടുത്തുന്നു.

വാങ്ങലുകൾ നടത്തുന്നതിനായുള്ള ഗ്രാമപഞ്ചായത്തിലെ പ്രോക്യൂവർമെന്റ് കമ്മിറ്റി, വ്യത്യസ്ഥ

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന രണ്ടു പ്രോജക്ടുകളിലെ ഒരേ സാധനത്തിനായുള്ള വാങ്ങലിൽ ഒരേ സമയം ഒരേ ഇനത്തിന് ഒരേ സ്ഥാപനത്തിൽ നിന്നും കൂടിയ വിലയ്ക്ക് വാങ്ങുന്നതിന് തീരുമാനമെടുത്ത 05.01.2024 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ സംബന്ധിച്ച പ്രസിഡന്റ് സിനിമോൾ സാംസൺ, അജിത ഒ.പി.(ഡവലപ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) ടോമി, ഏലശ്ശേരിൽ(ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) എന്നിവരിൽ നിന്നും അധികം ചെലവഴിച്ച 79,637/-രൂപ തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ റ്റി.എം.മഹാദേവൻ എന്ന വ്യക്തികൂടി പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിട്സിൽ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇദ്ദേഹം നിർവ്വഹണ ഉദ്യോഗസ്ഥനോ പഞ്ചായത്ത് അംഗമോ പഞ്ചായത്ത് ജീവനക്കാരനോ അല്ല. ഈ വ്യക്തി ആരാണെന്ന് വ്യക്തമാക്കേണ്ടതുമാണ്.

## 3-7 തോടിന്റെ സൈഡ് കെട്ടുന്നതിന് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ്

ഇടത്തോടുകളുടെ സംരക്ഷണം എന്ന പ്രവർത്തി ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി ടെണ്ടർ ചെയ്താണ് കരാർ വെച്ച് പ്രവൃത്തി ചെയ്തിരിക്കുന്നത്. സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കെട്ടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്.

തസ്വഭവ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എഞ്ചിനിയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ 26.03.21 ലെ സർക്കലർ (നം ഡിബി1/10690/2020/സി.ഇ/എൽ.ഐ.ഡി & ഇ ഡബ്ല്യൂ)പ്രകാരം റോഡു പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ടു വരുന്ന ഡ്രെയിൻ, കൾവെർട്ട്, സൈഡ് പ്രൊട്ടക്ഷൻ മുതലായ അനുബന്ധ പ്രവൃത്തികൾക്ക് MoRD സ്പെസിഫിക്കേഷനും, കെട്ടിടങ്ങൾക്കും അനുബന്ധപ്രവൃത്തികൾക്കും CPWD സ്പെസിഫിക്കേഷനും ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ റോഡുവർക്കുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശമനുസരിച്ചും റോഡുമായി ബന്ധപ്പെട്ടു വരുന്ന സൈഡ് പ്രൊട്ടക്ഷന് മാത്രമാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ തോടിന്റെ സൈഡ് വാൾ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് CPWD സ്പെസിഫിക്കേഷനിലാണ്. അപ്രകാരം ചെയ്യാതിരുന്നത് അധികച്ചെലവിനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഇടത്തോടുകളുടെ നവീകരണം (വാർഡ് 7 -12) |
| പ്രോജക്ട് നമ്പർ | S0015/23 |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ ,LID&EW |
| കരാറുകാരൻ | തോമസ് ജോസഫ് |
| അളവു പുസ്തകം | E – എംബുക്ക് -79328/2022 |
| പ്രവൃത്തി മൂല്യം | 12,57,042/- |
| ചെലവു വിവരം | ബിൽ നം. 371/14.03.24 |

DSR 2018 കോസ്റ്റ് ഇൻഡക്സ് 41.53 %

| ഇനം / MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് | കരാറുകാരൻ ക്വോട്ടു ചെയ്ത നിരക്കും അനുവദിച്ച തുകയും | CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് | CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിൽ ചെയ്താൽ വരുന്ന തുക | അധിക ചെലവ് |
|---|---|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ (കോഡ് 11.1.1.1) 798.27/$M^3$ | 798/$M^3$ 37.713 M3 @ 798 = 30095/- | 309.99/M3 (കോഡ് 2.8.1) | 37.713 X 309.99 = 11691 | 18,404 |
| ഡി ആർ മേസനറി (OD) 5456.25/M3 | 5135/$M^3$ 105.045 $M^3$ @ 5135 = 539406/- | 3644.43/$M^3$ (കോഡ് 60.7.1) | 105.045$m^3$ X 3644.43 = 382829/- | 1,56,577 |
| | | ആകെ | | 1,74,981 |

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.40/13.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് ഇത്തരത്തിൽ അധികച്ചെലവുണ്ടായിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## <u>3-8 നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തത്</u>

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം പ്രവൃത്തികളുുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 5,00,000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|
| 1 | എഫ്.എച്ച്.സി അറ്റകുറ്റപ്പണികൾ (91/23) പ്രവൃത്തിമൂല്യം - 614408/- ബിൽ നം. 244/9.5.24 | സെബാസ്റ്റ്യൻ ടി.എൽ. | 8,43,425 | 1687 |
| 2 | മത്സ്യഭവൻ ചുറ്റുമതിൽ നിർമ്മാണം (99/23) പ്രവൃത്തിമൂല്യം - 224370/- ബിൽ നം. 450/24.3.24 | രജീഷ് പി. | 2,46,448 | 493 |
| 3 | വിവിധ അങ്കണവാടികളുടെ നവീകരണം (193/23) പ്രവൃത്തിമൂല്യം - 858780/- ബിൽ നം. 4/14.08.23 | പി.ജെ.കുഞ്ഞപ്പൻ | 8,56,869 | 1714 |
| | ആകെ | | | 3894 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/13.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ട 3,894/- രൂപ ബന്ധപ്പെട്ട

കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**3-9 പുല്ലംകുളം മിനി ഓഡിറ്റോറിയത്തിന് എക്സ്റ്റൻഷൻ - കരാറുകാരന് അധിക തുക നൽകി**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 102/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | ബി.പ്രസാദ് |
| എം.ബുക്ക് | : | 107217/2022 |
| എഗ്രീഡ് പിഎസി | : | 20,27,016/- |
| പ്രവൃത്തി മൂല്യം | : | 23,91,879/- |
| ബിൽ നം. | : | 146/8.11.23 |

ടി പ്രവൃത്തിയിൽ എക്സ്.(1) ആയി Filling With Contractor's Own Earth……. എന്ന ഇനം 53.141 M3 ചെയ്തതിന് 1079.81 രൂപ/$M^3$ നിരക്കിൽ 57,382/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഇ.എം. ബുക്ക് പരിശോധിച്ചതിൽ ആകെ ഫില്ലിംഗ് അളവിൽ (65.188 $M^3$) നിന്നും സൈറ്റിലുള്ള സ്റ്റെപ്പിന്റെ അളവായ 6.08 $M^3$ ഉം, കുഴിച്ചെടുത്തതിൽ ലഭ്യമായ 12.047 $M^3$ ഉം കുറവ് ചെയ്ത് ആകെ 47.061 $M^3$ ഫില്ലിംഗിനുള്ള തുകയാണ് നൽകേണ്ടിയിരുന്നത്. എന്നാലിതിനു പകരം സ്റ്റെപ്പിന്റെ അളവ് കുറവ് ചെയ്യാതിരുന്നത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

അനുവദനീയമായ തുക - 47.061 $M^3$ X 1079.81 = 50,817/-

നൽകിയ തുക - 57,382/-

അധികം നൽകിയത് - 6565/- + 18% GST = 7,747/- രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41/13.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,00,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി. | ₹2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹4,80,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി. | ₹4,80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹6,20,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി. | ₹6,20,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹5,00,000/- | കാക്കരി -റോഡ്ടാറിംഗ് | ₹5,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹5,00,000 | മണ്ണുകുഴി റോഡ് ടാറിംഗ് | ₹5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,00,000 | അനുപൂരകപോഷകാഹാരം | ₹2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,00,000 | പാലിന് സബ്സിഡി | ₹2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹21,80,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | ₹21,80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹40,280 | പാലിയേറ്റീവ് കെയർ | ₹40,280 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,95,600/- | നെൽകൃഷി -കൂലിച്ചെലവ് സബ്സിഡി | ₹1,95,600/- | |
| **ആകെ** | | **₹51,15,880/-** | | **₹51,15,880/-** | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹45,10,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | ₹45,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,82,180 | ഭിന്നസേഷി സ്കോളർഷിപ്പ് | ₹1,82,180 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,35,000 | അനുപൂരക പോഷകാഹാരം | ₹1,35,000 | |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹7,60,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി | ₹7,60,000 | 0 |
| **ആകെ** | | **₹55,87,180** | | **₹55,87,180** | **0** |

## 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി., അർത്തുങ്കൽ സെക്ഷൻ | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ | ചെക്ക് 28430/27.10.23 തുക-155097 ചെക്ക് നം. 445395/ 18.01.24 തുക 683/- | 1,61,932/- | 0 | 1,61,932 |
| | ആകെ | | ₹1,61,932/- | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | കുറവ് ചെയ്ത തുക) | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| **K.U.R.D.F.C ലോൺ** | **₹5,59,33,800/-** | **₹4,97,57,182/-** | **₹10,56,90,982/-** | **₹1,79,06,201/-** | | **₹8,77,84,781/-** |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയായി തൻവർഷം ലഭിച്ച ₹25,609/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2019-20 | 1-17 A,B | ₹18,347 | സെബാസ്റ്റ്യൻ റ്റി.എൽ. കോൺട്രാക്ടർ | 1230202581, 08.01.2024 |
| 2022-23 | 3-2 | ₹1,014/- | സതീഷ് കുമാർ എം. കോൺട്രാക്ടർ | 1230202817, 25.01.2024 |
| 2022-23 | 3-2 | ₹169/- | സതീഷ് കുമാർ എം. കോൺട്രാക്ടർ | 1230202818, 25.01.2024 |
| 2022-23 | 3-2 | ₹1,680 | ജയൻ കോൺട്രാക്ടർ | 123020300152, 08.02.2024 |
| 2022-23 | 3-2 | ₹1,564 | സെബാസ്റ്റ്യൻ റ്റി.ഐ., കോൺട്രാക്ടർ | 123020300164, 08.02.2024 |
| 2022-23 | 3-2 | ₹1,015 | കെ.ബൈജു കോൺട്രാക്ടർ | 123020300821, 29.02.2024 |

| | | | | |
|---|---|---|---|---|
| 2022-23 | 1-23 | ₹1,820 | ശ്യാംകുമാർ പി.എസ്., കോൺട്രാക്ടർ | 123020300621, 29.02.2024 |
| **ആകെ** | | **₹25,609/-** | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | 7 ജീവനക്കാരിൽ നിന്നും തുക ഈടാക്കി. വിരമിച്ച 2 ജീവനക്കാരുടെ തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹12,95,03,331.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,10,62,778.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **₹12,23,726** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **₹84,38,289** |

### ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | ₹ 9,05,217/- | ഡോ.മനു മോഹൻ, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 3-3 | | ₹6,748/- | ശ്രീമതി മേരി ലിഷ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | ₹4,545/- | ശ്രീ.ഷാജി എസ്., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 3-5 | | ₹4,400/- | ശ്രീ.ഷാജി എസ്., സെക്രട്ടറി, |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് |
| 3-6 | | 26546/-<br>26546/-<br>26546/- | ശ്രീമതി സിനിമോൾ സാംസൺ (പ്രസിഡന്റ്) ശ്രീമതി അജിത ഒ.പി. (ഡവലപ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) ശ്രീ.ടോമി, ഏലശ്ശേരിൽ (ആര്യോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| 3-7 | | ₹174981/- | ശ്രീമതി മേരി ലിഷ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | ₹3,894 | ശ്രീമതി മേരി ലിഷ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | ₹7,747 | ശ്രീമതി മേരി ലിഷ, അസിസ്റ്റന്റ് എഞ്ചിനീയർ |

| ആകെ | | ₹1187170/- | |
|---|---|---|---|

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | ₹ 57,003/- | ശ്രീ.ഷാജി എസ്., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-26 | ₹ 15,93,000/- | ശ്രീ.പ്രശാന്ത് എൻ.വി.ഇ.ഒ., അർത്തുങ്കൽ സർക്കിൾ |
| 1-27 | ₹ 17,94,144/- | ഡോ.കിരൺ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. |
| 1-28 | ₹ 1,06,110/- | ശ്രീ.ഷാജി എസ്., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-29 | ₹ 29,251/- | ശ്രീമതി ലീന ഡെന്നിസ്, ഫിഷറീസ് ഓഫീസർ |
| 1-32 | ₹11,76,000/- | ശ്രീമതി റോസ്മി ജോർജ്ജ്, കൃഷി ഓഫീസർ |
| | ₹5,41,820 | ശ്രീ.ജോസഫ് റെഫിൻ ജെഫ്രി എം., കൃഷി ഓഫീസർ |
| 1-33 | ₹60,000/- | ശ്രീമതി ബിനിമോൾ എം.എസ്., ഹെഡ്മിസ്ട്രസ്. |
| | ₹5,595/- | ശ്രീ.ശ്രീനിവാസ ഷേണായി, ഹെഡ്മാസ്റ്റർ |
| 1-34 | ₹ 29,382/- | ഡോ.കിരൺ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-35 | ₹ 36,197/- | ഡോ.കിരൺ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-36 | ₹ 80,912/- | ഡോ.കിരൺ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-37 | ₹3,53,123/- | ഡോ.കിരൺ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-38 | ₹8,99,318/- | ഡോ.കിരൺ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-39 | ₹25,891/- | ഡോ.കിരൺ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-40 | ₹ 55,871/- | ഡോ.കിരൺ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. |
| 1-41 | ₹2,44,335/- | ശ്രീ.ഷാജി.എസ്, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-42 | ₹ 6,15,285/- | ശ്രീമതി ബിനിമോൾ എം.എസ്., ഹെഡ്മിസ്ട്രസ് |
| 1-43 | ₹5,00,000/- | ശ്രീ.ഷാജി എസ്., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-44 | ₹ 1,61,932/ | ശ്രീ.ഷാജി എസ്., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-45 | ₹ 73,120/- | ശ്രീ.ഷാജി എസ്., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| **ആകെ** | **84,38,289/-** | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഇന വിവരം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | 2,506 | ആദായ നികുതി | ശ്രീമതി മേരി ലിഷ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 34,050 | ജി.എസ്.ടി | ശ്രീമതി ലീന ഡെന്നിസ്, ഫിഷറിസ് ഓഫീസർ |
| ആകെ | 36,556 | | |

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സിനിമോൾ സാംസൺ (പ്രസിഡന്റ് ) | ശ്രീമതി സിനിമോൾ സാംസൺ (പ്രസിഡന്റ്) | അരേശ്ശേരിൽ, അർത്തുങ്കൽ -688530 |
| ശ്രീമതി അജിത ഒ.പി. (ഡവലപ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | ശ്രീമതി അജിത ഒ.പി. (ഡവലപ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | ഇടത്തിവെളി, കുറുപ്പൻകുളങ്ങര -688539 |
| ശ്രീ.ടോമി, ഏലശ്ശേരിൽ (ആര്യോഗ്യ, | ശ്രീ.ടോമി, ഏലശ്ശേരിൽ(ആര്യോഗ്യ, | ഏലശ്ശേരിൽ, അർത്തുങ്കൽ -688530 |

| | | |
|---|---|---|
| വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) | വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) | |
| ശ്രീമതി റോസ്മി ജോർജ്ജ്, കൃഷി ഓഫീസർ | കൃഷിഭവൻ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | പാലത്തറവെളിയിൽ, മുഹമ്മ പി.ഒ., ചേർത്തല |
| ഡോ.കിരൺ, മെഡിക്കൽ ഓഫീസർ | അസിസ്റ്റന്റ് സർജൻ, സി.എച്ച്.സി., തണ്ണീർമുക്കം | കണ്ടനാട്ട്, ചേർത്തല തെക്ക് പി.ഒ., ചേർത്തല |
| ശ്രീമതി ബിനിമോൾ എം.എസ്. ഹെഡ്മിസ്ട്രസ് | ഗവ.എൽ.പി.എസ്., തളിയാപറമ്പ് | സീ കണ്ടത്തിൽ, വാരനാട് പി.ഒ., ചേർത്തല |
| ശ്രീ.ശ്രീനിവാസ ഷേണായി ഹെഡ്മാസ്റ്റർ | ഗവ.എൽ.പി.എസ്., ചേർത്തല നോർത്ത് | മുതിരപ്പറമ്പ്, പട്ടണക്കാട് പി.ഒ., ചേർത്തല |
| ശ്രീ.പ്രശാന്ത് എൻ., വി.ഇ.ഒ. | വി.ഇ.ഒ., ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്(അർത്തുങ്കൽ സർക്കിൾ) | ചക്കാലവെളി,ചേർത്തല തെക്ക് പി.ഒ., ചേർത്തല |
| ശ്രീ.ഷാജി എസ്., സെക്രട്ടറി | | ഷാജിഭവനം, മരുത്തോർവട്ടം പി.ഒ., ചേർത്തല |
| ശ്രീമതി ഷീജ കെ.സി., അസിസ്റ്റന്റ് എഞ്ചിനീയർ (MGNREGS) | അസിസ്റ്റന്റ് എഞ്ചിനീയർ (MGNREGS), ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് | കുന്നുംപുറത്തുവെളി, ചേർത്തല തെക്ക് പി.ഒ., ചേർത്തല |
| ശ്രീമതി ലീന ഡെന്നീസ്, | ഫിഷറീസ് ഓഫീസർ, മത്സ്യഭവൻ, അർത്തുങ്കൽ | പുത്തൻവെളിയിൽ ഹൌസ്, മുഹമ്മ പി.ഒ., |

| | | |
|---|---|---|
| ഫിഷറീസ് ഓഫീസർ | പി.ഒ. | ചേർത്തല |
| ശ്രീമതി ദീപ്തി അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | എൽ.എസ്.ജി.ഡി. ഓഫീസ്, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | വേലമ്മാചിറയിൽ കണിച്ചുകുളങ്ങര പി.ഒ. |
| ശ്രീമതി മേരി ലിഷ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | എൽ.എസ്.ജി.ഡി. ഓഫീസ്, ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് | ചാരങ്കാട്ട് ഹൌസ്, പൊള്ളേത്തൈ പി.ഒ., ആലപ്പുഴ |
| ഡോ.മനു മോഹൻ, മെഡിക്കൽ ഓഫീസർ (ആയൂർവേദം) | മെഡിക്കൽ ഓഫീസർ (ആയൂർവേദം), ഗവ.ആയൂർവേദ ഡിസ്പെൻസറി, ചേർത്തല തെക്ക് | ശ്രീദളം ഹൌസ്, തുറവൂർ സൌത്ത് പി.ഒ., തുറവൂർ, ചേർത്തല |
| ശ്രീ.ജോസഫ് റെഫിൻ ജെഫ്രി എം., കൃഷി ഓഫീസർ | കൃഷി ഓഫീസർ | റ്റി.സി 32/682B ടൈറ്റാനിയം പോസ്റ്റ്, വെട്ടികാട് തിരുവനന്തപുരം-695021 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 & 2003-04 | എൽ.എഫ്.ജി.എ5-1832/11/20.1.12 |
| 2001-02 | കെ.എസ്.എ-എ.എൽ.പി/പി.12/1280/2022 തീയതി : 19.05.2023 |
| 2004-05 | കെ.എസ്.എ-എ.എൽ.പി/പി.12/1280/2022 തീയതി : 19.05.2023 |
| 2005-06 | എൽ.എഫ്.ജി.എ5-161/13/9.9.13 |

| | |
|---|---|
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി13-1612/18 തീയതി : 12.02.2019 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി.12/1280/2022 തീയതി : 19.05.2023 |
| 2008-09 & 2009-10 | |
| 2010-11 & 2011-12 | |
| 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.12/742/2022/16.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.12/223/2022/27.03.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.12/1658/2022/23.02.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി.10/1200/2023/31.10.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 25-06-2024 and submitted on 25-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Cherthala South Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Cherthala South Grama Panchayat as on 31-03-2024

**Date: 20/11/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Cherthala South Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

## 2.Other Observations

01. Reconcilation statements prepared are not correct as per records.
02. Negative balance recorded in Non Road Maintenance Grant A.C.R for 2023-24.
03. Balances kept in special grants are not matched with records.
04. Advances recorded as pending utilisation are not correct.
05. Provisions are not made for expenses pending in the financial year 2023-24.
06. Deposits pending repayment details are not recorded in the register.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്